**അടിയന്തര പ്രമേയം**

**<u>ടീം സോളാർ തട്ടിപ്പ്</u>**

<u>മി. സ്പീക്കർ:</u> ഒരു അടിയന്തരപ്രമേയം ചെയറിന്റെ പരിഗണനയിലുണ്ട്. അത് അനുവദിക്കുന്നതാണ്. പക്ഷെ, അതിനുമുമ്പ് ചെയറിന് ഒരു കാര്യം പറയുവാനുണ്ട്. എന്റെ മുന്നിൽ രണ്ട് നിയമസഭാ സ്പീക്കർമാരായിരുന്ന ആളുകളുൾപ്പെടെയുള്ള ആൾക്കാരുണ്ട്. എവിടെയെങ്കിലും ഇതിനൊരു എൻഡിംഗ് വേണം. ഞാൻ പറയട്ടെ,.......... (ബഹളം)....... ഒരു മിനിറ്റ് ഞാനൊന്ന് പറഞ്ഞോട്ടെ. ഈ വിഷയം 13-ാം തീയതി അടിയന്തരപ്രമേയമായി വന്നു, 14-ാം തീയതി ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റെ സബ്മിഷനായി വന്നു, 17-ാം തീയതി അടിയന്തരപ്രമേയമായി വന്നു. 18-ാം തീയതി അടിയന്തരപ്രമേയമായി വന്നു, 19-ാം തീയതി അടിയന്തരപ്രമേയമായി വന്നു. നിങ്ങൾക്ക് പാർലമെന്റ് പ്രൊസീഡ്യുവറും ശക്തർ ആന്റ് കൗളും റൂൾസ് ഓഫ് പ്രൊസീഡ്യുവറുമൊന്നും ബാധകമല്ല. അതിനകത്ത് വളരെ വ്യക്തമായിട്ടുണ്ട്. നിങ്ങൾക്കത് അറിയാം. എന്നാലും ഞാൻ ഒന്നുകൂടി വായിക്കുകയാണ്. അതെന്റെ ചുമതലയാണ് "An adjournment motion on a matter which is substantially identical with the one already raised by an adjournment motion, consent to the moving of which has been withheld by the Speaker or leave of the House to the moving of which has been refused during the same session, is not in order". ഇത് ശക്തർ ആന്റ് കൗളിലേതാണ്, ബാക്കിയുള്ളതൊന്നും ഞാൻ വായിക്കുന്നില്ല.

മറ്റൊന്നുകൂടിയുണ്ട്. ഇന്നു തന്ന അടിയന്തരപ്രമേയത്തിൽ, ഇവിടെ വക്കീലൻമാരൊക്കെയുണ്ടല്ലോ, ശ്രീ. മാത്യു റ്റി. തോമസുൾപ്പെടെയുള്ള ആളുകളുണ്ട്. ഒരു ഹിയർസേ എവിഡൻസിന്റെ അടിസ്ഥാനത്തിലാണ് ഇന്നത്തെ അഡ്ജേൺമെന്റ് മോഷൻ തന്നിരിക്കുന്നത്. നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായാണ് ഹിയർ സേ എവിഡൻസിന്റെ അടിസ്ഥാനത്തിൽ ഒരു അടിയന്തരപ്രമേയം വരുന്നത്. പക്ഷെ ഇവിടെ.......നോ....നോ.... ഹിയർസേ എവിഡന്റാണ്. .....(ബഹളം)....... ഞാനൊന്നു പറയട്ടെ.....(ബഹളം)....... നോ... നോ... സമാധാനപരമായി സഭ പോകണം. ചർച്ച നടക്കണം. ചർച്ച നടക്കുമ്പോൾ അടിയന്തരപ്രമേയം അവതരിപ്പിക്കണം. അടിയന്തര പ്രമേയം അവതരിപ്പിച്ചിട്ട് ബഹുമാനപ്പെട്ട ഗവൺമെന്റിന് മറുപടി പറയാനുള്ള സമയവുമുണ്ടാകണം. ഇതെല്ലാംകൂടി ചേർത്താണ് സദുദ്ദേശത്തിൽ ചെയർ ഇതനുവദിക്കുന്നത്. പക്ഷെ ഹിയർസേ എവിഡന്റിന്റെ അടിസ്ഥാനത്തിൽ വന്നിരിക്കുന്ന ഒരു അടിയന്തരപ്രമേയമാണിത്.

ടീം സോളാർ എന്ന കമ്പനിയുടെ പ്രചരണത്തിനായി സരിത എസ്. നായർക്ക് മുഖ്യമന്ത്രിയിൽ നിന്നും ലെറ്റർ പാഡിന്റെ ശുപാർശ കത്തുകൾ ലഭിച്ചിട്ടുണ്ടെന്നും അതിനായി സരിത പേഴ്സണൽ സ്റ്റാഫ് അംഗത്തിന് പണം നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രിയുമായുള്ള കൂടിക്കാഴ്ചയിൽ കുടുംബകാര്യങ്ങളോടൊപ്പം കമ്പനിയുടെ ബിസിനസ് കാര്യങ്ങളും സംസാരിച്ചിട്ടുണ്ടായിരുന്നുവെന്നും ബിജു രാധാകൃഷ്ണൻ തന്റെ അഭിഭാഷകൻ വഴി വെളിപ്പെടുത്തിയതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. പി. ശ്രീരാമകൃഷ്ണൻ, വി. എസ്. സുനിൽ കുമാർ,

ജോസ് തെറ്റയിൽ, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഈ അടിയന്തരപ്രമേയത്തിന് മറുപടി പറയുന്നതിന് മുമ്പ് ഇന്നലെയുണ്ടായ ഒരു ദുരനുഭവത്തെക്കുറിച്ചുകൂടി ഞാൻ അങ്ങയെ ഓർമ്മിപ്പിക്കാം. .....(ബഹളം).......

മി. സ്പീക്കർ: യെസ്...... യെസ്....... .....(ബഹളം)....... യെസ്..... (ബഹളം).......പ്ലീസ്.....(ബഹളം) ....... പ്ലീസ്..... (ബഹളം)....... (പ്രതിപക്ഷാംഗങ്ങളും ഭരണപക്ഷാംഗങ്ങളും അവരവരുടെ സീറ്റിൽ നിന്നും എണീറ്റുനിന്ന് ബഹളം വച്ചു) പ്ലീസ്...... രണ്ടു കൂട്ടരും ഇരുന്നാൽ മാത്രമേ അടിയന്തരപ്രമേയം അവതരിപ്പിക്കാൻ കഴിയുകയുള്ളൂ. അദ്ദേഹം മറുപടി പറയട്ടെ. .....(ബഹളം)....... അടിയന്തരപ്രമേയത്തിന് നോട്ടീസ് തന്നു, അതിനുള്ള മറുപടി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറയും .....(ബഹളം)....... യെസ്.....(ബഹളം).....യെസ്... .....(ബഹളം)....... അടിയന്തരപ്രമേയത്തിന് മന്ത്രി.....(ബഹളം).......യെസ്, നിങ്ങൾ ഇരിക്ക്.പ്ലീസ്..... രണ്ട് ഭാഗത്തു നിന്നും ഇങ്ങനെയെല്ലാവരുംകൂടി പരസ്പരം ഗ്രൗണ്ട് സപ്പോർട്ട് കൊടുത്താൽ വലിയ ബഹളമായിരിക്കും. അദ്ദേഹം പറയട്ടെ.....(ബഹളം).......ശ്രീ. രാജേഷ്, ........ .....(ബഹളം)....... യെസ്... അങ്ങ് പറയൂ.....(ബഹളം).......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇന്നലെ അങ്ങ് അടിയന്തരപ്രമേയത്തിന് മറുപടി പറയാൻ എന്നെ വിളിച്ചു. .....(ബഹളം).......

മി. സ്പീക്കർ: അദ്ദേഹത്തിന് മറുപടി പറയണ്ടേ, നിങ്ങൾ അവതരിപ്പിച്ചു അദ്ദേഹത്തിന് മറുപടി പറയണ്ടേ. .....(ബഹളം)....... മൈക്ക് ഓഫ് ചെയ്യാൻ

പറയൂ. .....(ബഹളം)....... യെസ്...... പ്ലീസ്........ പ്ലീസ്...... .....(ബഹളം)....... ശ്രീ. ജയരാജൻ, പ്ലീസ്.....(ബഹളം)....... ശ്രീ. ശിവദാസൻ നായർ, ശ്രീ.വർക്കല കഹാർ ഇരിക്കൂ..... .....(ബഹളം)...... പ്ലീസ്..... പ്ലീസ് ഒന്നു പറയട്ടെ, യോജിക്കാനും വിയാജിക്കാനുമുള്ള പ്രത്യേകതകളാണ് ജനാധിപത്യത്തിലുള്ളത്. യോജിക്കാം വിയോജിക്കാം. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പു മന്ത്രി, യെസ്.. അദ്ദേഹം പറയട്ടെ.....(ബഹളം).......അടിയന്തരപ്രമേയ അവതരണാനുമതിക്ക് നിങ്ങൾ നോട്ടീസ് തന്നു. അതിനെ സംബന്ധിച്ച് അദ്ദേഹം മറുപടി പറയട്ടെ. നിങ്ങൾ മാർക്ക് ചെയ്തിരിക്കുന്നത് ബഹുമാനപ്പെട്ട ഹോം മിനിസ്റ്റർക്കാണ്. .....(ബഹളം)....... ഹോം മിനിസ്റ്ററാണ് അതിന് മറുപടി പറയേണ്ടത്. യെസ്....യെസ്....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് നിർദ്ദേശിച്ചതിനനുസരിച്ച് മറുപടി പറയുകയാണ്. പക്ഷെ, നാളെ എന്റെ കരണക്കുറ്റിക്ക് അടിക്കുമെന്ന് ആരും പറയുന്നൊരു സാഹചര്യം ദയവായി ഉണ്ടാകരുത്. .....(ബഹളം).......സർ, അത് അൺപാർലമെന്ററിയായതുകൊണ്ട് വിത്ഡ്രോ ചെയ്യണമെന്നൊന്നും ഞാൻ പറയുന്നില്ല. അതൊക്കെ അവരുടെ സംസ്കാരത്തിന് ഞാൻ വിട്ടു കൊടുക്കുകയാണ്. .....(ബഹളം).......എനിക്ക് മൂന്ന് .....(ബഹളം).......

<u>മി. സ്പീക്കർ</u>: .....(ബഹളം)....... സംസാരിച്ചു തുടങ്ങിയതല്ലേയുള്ളൂ.... എന്തു പറഞ്ഞു... ഒന്നും പറഞ്ഞില്ല..... .....(ബഹളം)....... ഒന്നും പറഞ്ഞില്ല. ....(ബഹളം).......

(പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചുകൊണ്ട് ഭരണപക്ഷത്തിന്റെ സീറ്റിനരികിലേയ്ക്ക് വരികയും ഭരണപക്ഷാംഗങ്ങളും ബഹളം വച്ചുകൊണ്ട് മുൻനിര സീറ്റിലേക്ക് വരികയും ചെയ്തു)

മി. സ്പീക്കർ: പ്ലീസ്..... .....(ബഹളം)....... പ്ലീസ് അൽപ്പസമയത്തേയ്ക്ക് സഭ നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷ ബഹളത്തെതുടർന്ന് സഭ രാവിലെ 9.39-ന് അൽപ്പസമയ ത്തേക്ക് നിർത്തിവയ്ക്കുകയും 11.10-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ പുനരാരംഭിക്കുകയും ചെയ്തു)

മി. സ്പീക്കർ: ഓർഡർ, ഓർഡർ, നമ്മുടെ സഭയിൽ ആശാസ്യമല്ലാത്ത കാര്യങ്ങൾ നടക്കുന്നത് ഓർമ്മപ്പെടുത്തേണ്ട കാര്യമില്ല. മുമ്പ് സഭയിൽ എന്തു നടന്നാലും പ്രിന്റ് മീഡിയയിൽ കൂടി മാത്രമേ അത് ജനങ്ങൾ അറിയു കയുള്ളൂ. ഇന്ന് ഇവിടെ നടക്കുന്ന സംഭവങ്ങൾ ലോകം മുഴുവൻ കാണും. ജനപ്രതിനിധികളും ജനനേതാക്കളുമായ നമ്മൾ കുറച്ചുകൂടി ആത്മസംയമനം പാലിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ഇന്ന് എല്ലാ അതിരുകളും ലംഘിച്ചാണ് നമ്മൾ ഇവിടെ പ്രവർത്തിച്ചത്. അത് ഏത് ഭാഗത്തു നിന്നാണെന്ന് അതിന്റെ പെർസന്റേജ് വച്ച് ചെയർ പറയുന്നില്ല. ഇത് ഒഴിവാ ക്കേണ്ടതായിരുന്നു. ഇതൊന്നും ഇതിനൊരു പരിഹാരമല്ല എന്നത് ഞാൻ പറയാതെ തന്നെ നിങ്ങൾക്കെല്ലാവർക്കുമറിയാം. വളരെ നിർഭാഗ്യകരമാണ്. ജനപ്രതിനിധികളെക്കുറിച്ചും നിയമസഭയെക്കുറിച്ചും ജനങ്ങൾക്കുള്ള മതിപ്പും അഭിപ്രായവും വളരെ താഴോട്ടു പോകുന്നതിനു മാത്രമേ ഇത്തരം സന്ദർഭ ങ്ങൾ സഹായിക്കുകയുള്ളൂ. ധാരാളം പ്രശ്നങ്ങൾ നാട്ടിലുണ്ട്.

കേരളത്തിന്റെ ഭാഗമല്ലെങ്കിലും ഉത്തരാഖണ്ഡ് ഇന്ത്യയുടെ ഭാഗമാണ്. നൂറുക്കണക്കിന് ആളുകളാണ് അവിടെ കൊല്ലപ്പെടുന്നത്. അതൊന്നും ആളു കൾ അറിയുന്നില്ല. ഇന്ന് കേരളം മുഴുവൻ വെള്ളത്തിനടിയിലാണ്. നിരവധി വീടുകൾ തകർന്നു. രാവിലെ സഭയിൽ നടന്ന ചർച്ചയിൽ പറഞ്ഞതുപോലെ

മലമുകളിലും താഴ്വാരത്തും താമസിക്കുന്ന ആദിവാസി സഹോദരങ്ങളും സാധാരണക്കാരും ചെറിയ വീടുകളിൽ താമസിക്കുന്ന ആളുകളും എല്ലാം ഭീഷണിയിലാണ്. മാത്രവുമല്ല അവരൊന്നും വീട്ടിനകത്തല്ല, മഴയിലാണ് ജീവിക്കുന്നത്. ഇവിടെ സ്കൂളുകൾക്കെല്ലാം രണ്ടുദിവസത്തെ അവധി പ്രഖ്യാപിച്ചു കഴിഞ്ഞു. അത്തരം ഒരു സാഹചര്യത്തിൽ ജനകീയ പ്രശ്നങ്ങൾ ചർച്ച ചെയ്യേണ്ട സഭ...............(ബഹളം)................ . എല്ലാം ചർച്ച ചെയ്യണം. പ്രയോറിറ്റി നിശ്ചയിക്കുന്നതിൽ തെറ്റുപറ്റിയെന്ന് നിങ്ങളിലൊരാളെന്ന നിലയിൽ തന്നെ ഖേദപൂർവ്വം ചെയർ സഭയെ അറിയിക്കുന്നു. ഫ്ളോറിലുള്ളത് അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതിയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. സി. ദിവാകരൻ: സർ, സംസ്ക്കാര ശൂന്യം എന്ന വാക്ക് പിൻവലിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാൻ അങ്ങനെ വിളിച്ചിട്ടേയില്ല. ഞാൻ 23 വർഷമായി നിയമസഭയിലുണ്ട്. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല, പറയുകയുമില്ല നാളെയും അത്തരത്തിലുള്ള പ്രയോഗം ഞാൻ നടത്തില്ല. അങ്ങ് ഒരു കാര്യം ചെയ്തോളൂ, എന്റെ പ്രസംഗത്തിന്റെ ടേപ്പ് കേൾക്കണം. ആ ടേപ്പിനകത്ത് അൺപാർലമെന്ററിയായിട്ടുള്ള ഏതെങ്കിലും വാക്കുണ്ടെങ്കിൽ അങ്ങ് അത് വിത്ഡ്രോ ചെയ്തോളൂ. പക്ഷേ ഞാൻ അങ്ങനെ ഒരു വാക്ക് പറയില്ല, പറഞ്ഞിട്ടില്ല, നാളെയും പറയില്ല. അതാണ്

എന്റെ സ്റ്റാൻഡ്, അതാണ് എന്റെ മനസ്സിലുള്ള നിയമസഭ...... ......(ബഹളം).......

മി. സ്പീക്കർ: അങ്ങനെ പറഞ്ഞിട്ടില്ല എന്നാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറയുന്നത്. ടേപ്പ് പരിശോധിക്കാൻ അദ്ദേഹം ചെയ റിനോട് ആവശ്യപ്പെട്ടു. ചെയർ ടേപ്പ് പരിശോധിക്കുന്നതാണ്.......(ബഹളം)..... അങ്ങനെ പറഞ്ഞിട്ടില്ലെന്ന് അദ്ദേഹം തന്നെ ഈ ഫ്ളോറിൽ പറയുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ സംസാരിക്കുന്ന എല്ലാത്തിന്റെയും തെളിവ് അങ്ങയുടെ കയ്യിലുണ്ട്. ടേപ്പ് പരിശോധിച്ചാൽ മതിയല്ലോ? ടേപ്പ് പരിശോധിക്കുമ്പോൾ എല്ലാമറിയാം. ടേപ്പ് പരിശോധിച്ചതി നുശേഷം ആ വിവരം അങ്ങ് നിയമസഭ കൂടുന്ന ദിവസം ഞങ്ങളെക്കൂടി അറിയിച്ചാൽ മതി. ഞാൻ എന്റെ കാര്യം ചെയറിനെ തന്നെ ഓതറൈസ് ചെയ്യുകയാണ്. അടിയന്തര പ്രമേയത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ ഒന്ന്, അഡ്വക്കേറ്റ് ബി. എൻ. ഹസ്കറിന്റേതായി ഒരു വെളിപ്പെടുത്തൽ വന്നിരിക്കു ന്നുവെന്നും ആ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ചില നടപടികൾ എടുക്കണമെന്നുമാണ്. ഞാൻ പരിശോധിച്ചപ്പോൾ ബി. എൻ. ഹസ്കർ എന്ന യാൾ ബിജു രാധാകൃഷ്ണൻ, സരിത എസ്. നായർ എന്നിവരോടൊപ്പം ആല പ്പുഴ നോർത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 56/10-ലെ കൂട്ടുപ്രതി യായ ഒരാളാണ്. ഒരാളിൽ നിന്ന് 41 ലക്ഷം രൂപ തട്ടിപ്പു നടത്തിയതാണ് ആ കേസിന് ആധാരം. ആ കേസ്സിൽ ഞാൻ രാഷ്ട്രീയം പറയുന്നില്ല, പക്ഷേ ഈ വക്കീലിനെക്കുറിച്ച് ചില കാര്യങ്ങൾ പറയാനുണ്ട്. ഈ വക്കീൽ എസ്. എൻ. കോളേജിലെ എസ്. എഫ്. ഐ.-യുടെ കൗൺസിലറായിരുന്നു. എസ്. എഫ്.ഐ.-യുടെ ഏരിയ കമ്മിറ്റി മെമ്പറാണ്. സി.പി.ഐ.(എം)-ന്റെ നേതൃത്വ

ത്തിലുള്ള ഓൾ ഇന്ത്യാ ലോയേഴ്സ് യൂണിയന്റെ മെമ്പറുമായിരുന്നു. ......(ബഹളം).......അടുത്ത കാര്യം, മുഖ്യമന്ത്രിയുടെ കത്തുണ്ട് എന്നു പറഞ്ഞതാണ്. മുഖ്യമന്ത്രിയുടെ ശുപാർശക്കത്ത് ഉണ്ടെങ്കിൽ ആ കത്ത് അവർ ഹാജരാക്കിയിട്ടില്ല, അങ്ങനെ ഒരു കത്ത് അവരുടെ കയ്യിലുണ്ടോ എന്നുള്ള കാര്യം ആർക്കും അറിയുകയുമില്ല. മുഖ്യമന്ത്രി അങ്ങനെ ഒരു കത്ത് കൊടുത്തിട്ടില്ല എന്നാണ് എന്റെ വിശ്വാസം. കേരളത്തിലെ ഏറ്റവും നല്ല ഓഫീസർമാരെ ഉൾപ്പെടുത്തി ഈ കേസ്സന്വേഷണം വളരെ നന്നായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. ആ അന്വേഷണത്തിലെ വിവരം ഈ സഭയിൽ വെളിപ്പെടുത്താൻ എനിക്ക് നിവൃത്തിയില്ല. അത് അന്വേഷണസംഘമാണ് തീരുമാനിക്കുന്നത്. ആ അന്വേഷണസംഘത്തിനു മുമ്പിൽ ധാരാളം തെളിവുകളുണ്ടാകാൻ സാധ്യതയുണ്ട് എന്നുതന്നെയാണ് എന്റെ പൂർണ്ണമായ വിശ്വാസം. അതുകൊണ്ട് ആ അന്വേഷണം അങ്ങനെ പോകട്ടെ. ആ അന്വേഷണത്തിൽ ഞാൻ ഇൻവോൾവ് ചെയ്യുന്നില്ല. ഈ കേസ്സിന്റെ അന്വേഷണം മൂന്നു മാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്ന് അന്വേഷണസംഘത്തോട് ആവശ്യപ്പെട്ടിരിക്കുകയാണ്. മൂന്നു മാസത്തിനകം അത് പൂർത്തിയാക്കും.

മുഖ്യമന്ത്രിയുടെ ഓഫീസിൽ വച്ച ഒരു സോളാർ പാനലിനെക്കുറിച്ച് പറഞ്ഞു. അനെർട്ടിന്റെ പാനലിൽ ഉൾപ്പെടുത്തേണ്ട കമ്പനികൾക്ക് മിനിസ്ട്രി ഓഫ് ന്യൂ ആന്റ് റിന്യൂവബിൾ എനർജിയുടെ അംഗീകാരം നിർബന്ധമാണ്. അത്തരം അംഗീകാരമുള്ള കമ്പനികളെ അനെർട്ട്, എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റിനു വിളിച്ച് ടെക്നിക്കൽ ഇവാല്യുവേഷൻ നടത്തിയതിനുശേഷമാണ് ഏറ്റവും കുറഞ്ഞ വിലയ്ക്ക് ഉറപ്പിക്കുന്നത്. അനെർട്ടിന്റെ കൂടി ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിക്ക് ഈ കാര്യങ്ങളെക്കുറിച്ചൊക്കെ അറിയാവുന്നതാണ്. ഇവിടെ 10,000 കോടി രൂപയുടെ തട്ടിപ്പ്

നടന്നിട്ടുണ്ടെന്നാണ് പറഞ്ഞത്. 5 കോടി രൂപയുടെ തട്ടിപ്പ് നടന്നിട്ടുണ്ടെന്ന് ചില മാധ്യമങ്ങളിൽ കാണുന്നുണ്ട്. ഇതെല്ലാം അന്വേഷണത്തിലിരിക്കുകയാണ്. അഞ്ചായാലും മൂന്നായാലും രണ്ടായാലും ഒന്നായാലും തട്ടിപ്പ് തട്ടിപ്പ് തന്നെയാണ്. ആ തട്ടിപ്പിനെക്കുറിച്ചുള്ള അന്വേഷണം മൂന്നുമാസത്തിനുള്ളിൽ പൂർത്തിയാകും. കേരള സർക്കാരിനു കീഴിലുള്ള ഏതെങ്കിലും സോളാർ പാനൽ പ്രോജക്ടിന്റെ നടത്തിപ്പിൽ............. ഇതിനകത്ത് പേരുപോലുമില്ലാത്ത ഒരാളെ പങ്കാളിയാക്കാൻ സാദ്ധ്യമല്ല. സൂര്യകേരളം പദ്ധതിക്കകത്ത് ശ്രീ. ആർ.വി.ജി. മേനോൻ, അദ്ദേഹത്തിന്റെ രാഷ്ട്രീയ നിലപാടോ അദ്ദേഹത്തിന്റെ വ്യക്തിവൈഭവമോ ഞാൻ ഈ സഭയിൽ പറയുന്നില്ല, ശ്രീ. ആർ. വി. ജി. മേനോന്റെ നേതൃത്വത്തിലുള്ള സമിതി, അദ്ദേഹത്തിന്റെ വീട്ടിലും മുഖ്യമന്ത്രിയുടെ ഓഫീസിലും ഒരു പബ്ലിസിറ്റി പർപ്പസിനു വേണ്ടിയാണ് അവിടെത്തന്നെ ആദ്യം ചെയ്യണമെന്ന് തീരുമാനമെടുത്തത്. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അവർക്ക് കൊടുത്തിട്ടുള്ളത്.

അനെർട്ടിന്റെ ലിസ്റ്റിലില്ലാത്ത കമ്പനികൾക്ക് ഒരു കാരണവശാലും കേരളത്തിലെ സോളാർ പാനൽ പദ്ധതിയിൽ പങ്കാളിയാകാൻ സാധ്യമല്ല. 10,000 കോടി രൂപയുടെ തട്ടിപ്പുനടന്നുവെന്ന പ്രശ്നമേയില്ല. ഇവിടെ നേരത്തെ പറഞ്ഞതുപോലെ ആക്ഷേപം ഉന്നയിച്ച വ്യക്തിയെക്കുറിച്ച് ..................... അതും നേരത്തെ പറഞ്ഞതുപോലെ സമാനതട്ടിപ്പ് കേസ്സിലെ കൂട്ടുപ്രതി, അതിന്റെ സാക്ഷ്യം പറഞ്ഞുകൊണ്ടാണ് ഇവിടെ അടിയന്തര പ്രമേയം കൊണ്ടുവന്നിരിക്കുന്നത്. ഇതാണ് എനിക്ക് പറയാനുള്ളത്. ഇനി അവർ എന്തെങ്കിലും പറയുകയാണെങ്കിൽ അതിനുശേഷം ഞാൻ കൂടുതൽ വിവരങ്ങൾ പറയാം.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, അടിയന്തര പ്രമേയത്തിന് അനുമതി തേടികൊണ്ടുള്ള നോട്ടീസിന് ആഭ്യന്തര വകുപ്പുമന്ത്രി നൽകിയ മറുപടി അദ്ദേഹം എത്രമാത്രം പക്ഷപാതപരമായിട്ടും ഏകപക്ഷീയമായിട്ടുമാണ് കാര്യങ്ങൾ കാണുന്നുവെന്നതിന്റെ തെളിവാണ്. അദ്ദേഹത്തിന് കുറ്റവാളികളെ കുറ്റവാളികളായി കാണാനല്ല താൽപ്പര്യം, അവരുടെ രാഷ്ട്രീയ സംബന്ധ ത്തെക്കുറിച്ച് ഗവേഷണം നടത്താനാണ് താൽപ്പര്യം. എപ്പോഴും അദ്ദേഹം അതാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അദ്ദേഹമുൾപ്പെടുന്ന ട്രഷറി ബെഞ്ചിലി രിക്കുന്ന ശ്രീ. കെ. എൻ. എ. ഖാദർ എ.ഐ.എസ്.എഫ്-ന്റെ നേതാവായി രുന്നു, സി.പി.ഐ. ആയിരുന്നു. അതുപോലെത്തന്നെ ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി എസ്.എഫ്.ഐ.യുടെ നേതാവായിരുന്നു, സി.പി.ഐ (എം). ആയിരുന്നു. അവരെല്ലാം ഇപ്പോൾ ഭരണപക്ഷത്തിന്റെ ഭാഗമാണ്. രാഷ്ട്രീയ മായ ബന്ധത്തെക്കുറിച്ച് പറഞ്ഞുകൊണ്ട്, കുറ്റവാളികളെ കുറ്റവാളികളായി കാണാനുള്ള പ്രാഥമികമായ മര്യാദപോലുമില്ലാത്ത സമീപനമാണ് അദ്ദേഹം സ്വീകരിക്കുന്നത്.

ഞങ്ങൾ നൽകിയ നോട്ടീസിലെ കാര്യങ്ങൾക്ക് അദ്ദേഹം നൽകിയ ഏക വിശദീകരണം, പതിനായിരം കോടി രൂപയുടെയല്ല അഞ്ച് കോടി രൂപ യുടെ തട്ടിപ്പ് മാത്രമേ നടന്നിട്ടുള്ളൂവെന്നാണ്. പതിനായിരം കോടി രൂപയുടെ തട്ടിപ്പിന്റെ ആസൂത്രണം മുഖ്യമന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ച് നിഗൂഢ മായി, വമ്പന്മാരുടെ നേതൃത്വത്തിൽ നടന്നുവെന്ന് പറഞ്ഞത് ഞങ്ങളല്ല, ഇവി ടെ ഇരിക്കുന്ന ചീഫ് വിപ്പാണ്. ചീഫ് വിപ്പ് ഇന്നുവരേയും അത് നിഷേധിച്ചി ട്ടുമില്ല. ബഹുമാന്യനായ ആര്യാടൻ മുഹമ്മദിന്റെ ഇടപെടലുകൾ കൊണ്ടാണ് പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതെ പോയതെന്ന് പറഞ്ഞതും ചീഫ് വിപ്പാണ്. ഈ കേസ്സിലെ പ്രതിയായ സരിത എസ് നായർ പറഞ്ഞത് എനിക്ക്

പത്ത് കോടി രൂപയുടെ ബാധ്യതയുണ്ടെന്നാണ്. ആഭ്യന്തരവകുപ്പ് മന്ത്രി പറയുന്നത് അഞ്ച് കോടി രൂപയേയുള്ളൂവെന്നാണ്. ഇന്നലെ മുഖ്യമന്ത്രിയും ഇക്കാര്യം പറഞ്ഞു. കേരളത്തിന്റെ ആഭ്യന്തരമന്ത്രിക്ക് സരിത എസ് നായരുടെ ബാധ്യതയെ വെട്ടിക്കുറയ്ക്കേണ്ട ആവശ്യകത എന്താണ്?

ട്രിവാൻഡ്രം ഗ്ലോബൽ സിറ്റി ഇനിഷ്യേറ്റീവ് എന്ന സ്ഥാപനമാണ് മുഖ്യമന്ത്രിയുടെ ഓഫീസിൽ സോളാർ പാനൽ സ്ഥാപിച്ചത്. ഈ വിഷയം ഉയർന്നുവരുന്ന ഓരോ സന്ദർഭത്തിലും മുഖ്യമന്ത്രിയുടെ വസതിയെ സംബന്ധിച്ച് പറഞ്ഞ് പുകമറ സൃഷ്ടിക്കുകയാണ് ചെയ്തത്. മുഖ്യമന്ത്രിയുടെ ഓഫീസിനകത്ത് അനെർട്ടിന്റെ ലിസ്റ്റിൽപ്പെടാത്ത ഒരു സ്ഥാപനം എങ്ങനെയാണ് സോളാർ പാനൽ സ്ഥാപിച്ചത്? ആ ചോദ്യത്തിന് വ്യക്തമായ ഉത്തരം നൽകാതെ അനെർട്ടിന്റെ ലിസ്റ്റിൽപ്പെടാത്ത..........ഒരു തരത്തിലും അംഗീകരിക്കാൻ പറ്റാത്ത ഏകപക്ഷീയമായ, നാമമാത്രമായ മറുപടി പറഞ്ഞുകൊണ്ട് ഇരിക്കുകയാണ് ചെയ്തത്. ഈ പ്രശ്നം സഭയിൽ വരുമെന്ന് ഭയമുള്ളതുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യാൻ ഗവൺമെന്റ് മടിക്കുന്നത്. ഒരു അഭിഭാഷകന്റെ വെളിപ്പെടുത്തലുകളാണ് ഇവിടെ പുറത്ത് വന്നിരിക്കുന്നത്. ഒരു അഭിഭാഷകൻ ഒറ്റയ്ക്ക് ശൂന്യതയിൽ നിന്ന് തന്റെ അഭിപ്രായം വിളിച്ചുപറയുകയല്ല ചെയ്തത്. അദ്ദേഹം അദ്ദേഹത്തിന്റെ പ്രതിയുമായി സംസാരിച്ച്, ആ പ്രതിയുടെ വക്കാലത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ വെളിപ്പെടുത്തലുകളാണ്. യഥാർത്ഥത്തിൽ വക്കീലും കക്ഷിയും തമ്മിലുള്ള വെളിപ്പെടുത്തലുകൾ പ്രിവിലേജ് കമ്മ്യൂണിക്കേഷൻസിലാണ് വരുന്നത്. പ്രിവിലേജ് കമ്മ്യൂണിക്കേഷൻസിൽ വരുന്ന വെളിപ്പെടുത്തലുകൾ പുറത്ത് പറയണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത് വക്കീലും പ്രതികളും ചേർന്നാണ്. വക്കീൽ അത് പുറത്തുപറഞ്ഞ പശ്ചാത്തലത്തിൽ അതൊരു മൊഴിയായി

മാറി. അക്കാര്യം ആഭ്യന്തരവകുപ്പ് മൊഴിയായി സ്വീകരിക്കുമോ? അത് മൊഴിയായി സ്വീകരിച്ച്, ആ മൊഴിയുടെ ഭാഗമായി പ്രതികളാക്കപ്പെട്ട ആളുകളെ അറസ്റ്റ് ചെയ്യുകയോ ചോദ്യം ചെയ്യുകയോ ചെയ്യണ്ടേ? ഒരു വ്യക്തിയെ നമുക്ക് മാറ്റിനിർത്താം. ബഹുമാന്യനായ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ മാറ്റി നിർത്തി മറ്റൊരാളെക്കുറിച്ചാണ് പറഞ്ഞതെങ്കിൽ എന്ത് സംഭവിക്കുമായിരുന്നു. സ്വാഭാവികമായും അവരെ ചോദ്യം ചെയ്യണം, അറസ്റ്റ് ചെയ്യണം, വിശദാംശങ്ങൾ തേടണം. മറ്റ് തെളിവുകൾക്ക് ആവശ്യമായ വിശദാംശങ്ങളെല്ലാം തേടണ്ടേ? നിങ്ങൾ, ഞങ്ങൾ ഇവിടെ എന്താണ് ചെയ്തതെന്ന് ചോദിച്ചുകൊണ്ടിരിക്കുകയാണ്.

ഈ കമ്പനിയെ ഷോക്കേസ് ചെയ്തത് ഈ ഗവൺമെന്റും മുഖ്യമന്ത്രിയുടെ ഓഫീസുമല്ലേ?. ടീം സോളാർ എന്ന് പറയുന്ന കമ്പനിയെ കേരളീയ സമൂഹത്തിന് മുന്നിൽ ഷോക്കേസ് ചെയ്തത് മുഖ്യമന്ത്രിയും മുഖ്യമന്ത്രിയുടെ ഓഫീസുമാണ്. തട്ടിപ്പിനിരയായ സജാദ് എന്നയാൾ എറണകുളം ജില്ലാ പോലീസ് സൂപ്രണ്ടിന് നൽകിയ പരാതിയിൽ പറയുന്നത്, എതിർകക്ഷികൾക്ക് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുമായും കേന്ദ്രമന്ത്രി ഫാറൂഖ് അബ്ദുള്ളയുമായും ബന്ധങ്ങളുള്ളതുകൊണ്ടാണ് ഞാൻ ഇത് വിശ്വസിക്കാൻ ഇടയായതെന്നാണ്. ഈ വ്യാജ സ്ഥാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മറ്റ് പേരുപറഞ്ഞ് ജനങ്ങളിൽ നിന്ന് വിശ്വാസ്യത നേടിയെടുത്ത് പണം കൈക്കലാക്കുന്നതായി അറിവ് ലഭിച്ചിട്ടുള്ളതാണ്. മുഖ്യമന്ത്രിയുടെ പേര് ഉപയോഗിച്ച് ടീം സോളാർ കമ്പനി പ്രവർത്തിക്കുന്നുവെന്ന പരാതി എറണാകുളം ജില്ലാ പോലീസ് സൂപ്രണ്ടിന് കൊടുത്തിരിക്കുകയാണ്. അവിടെയും നിൽക്കുന്നുണ്ടോ? ഈ തട്ടിപ്പിന്റെ സംസ്ഥാനതല ഉദ്ഘാടനം നടത്തിയത് ആരാണ്? ഈ തട്ടിപ്പ് സ്ഥാപനത്തിന്റെ സംസ്ഥാനതല ഉദ്ഘാ

ടനത്തിന് മന്ത്രിമാരെ അയയ്ക്കുകയാണ് ചെയ്തത്. മന്ത്രിമാർ ഓരോരുത്തരും മത്സരിച്ച് തട്ടിപ്പ് സ്ഥാപനത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കാൻ പോയതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ അഭിപ്രായം എന്താണ്? ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിന്റെ പ്രസിദ്ധീകരണമാണ് ജനപഥം.(ജനപഥം മാസിക ഉയർത്തിക്കാണിച്ചു)

ഏപ്രിൽ മാസത്തെ ജനപഥത്തിലെ ഹെഡ്ഡിംഗ് 'ഊർജ്ജരംഗത്ത് സൂര്യപ്രഭ' എന്നാണ്. ആ സൂര്യപ്രഭയ്ക്ക് കൊടുത്തിട്ടുള്ള സിംബൽ ആരുടേതാണ്; എംബ്ലം ആരുടേതാണ്? സരിത എസ് നായരുടെ ടീം സോളാർ കമ്പനിയുടെ എംബ്ലമാണ്. പി. ആർ. ഡി. ഡയറക്ടറായിട്ടുള്ള ഫിറോസ്, അദ്ദേഹത്തിന്റെ സ്വാധീനം ഉപയോഗിച്ച് അദ്ദേഹത്തിന്റെകൂടി സഹായത്തോടുകൂടിയാണ് പി.ആർ.ഡി.യുടെ പ്രസിദ്ധീകരണത്തിൽ എംബ്ലം കാണിച്ചത്. ഗവൺമെന്റ് ഇത് കാണുന്നുണ്ടോ; ഇതിനെ സംബന്ധിച്ച് ഗവൺമെന്റ് അന്വേഷിക്കുന്നുണ്ടോ? ഞങ്ങൾക്ക് ഇതുകൊണ്ട് എന്ത് നഷ്ടമാണുണ്ടായത്; ഒരു രൂപയുടെ നഷ്ടംപോലും സംസ്ഥാന ഗവൺമെന്റിനുണ്ടായിട്ടില്ല എന്നാണ് പറയുന്നത്. ട്രഷറിയുടെ നഷ്ടം പരിശോധിക്കൽ മാത്രമാണോ ഈ ഗവൺമെന്റിന്റെ ചുമതല? ഗവൺമെന്റിന്റേയും മന്ത്രിമാരുടെയും ബാധ്യത ട്രഷറിയിലെ പണം കാത്തുസൂക്ഷിക്കൽ മാത്രമാണോ? സ്വന്തം പ്രജകളുടെ സമ്പത്ത് സംരക്ഷിക്കുവാനുള്ള ബാധ്യത ഗവൺമെന്റിനില്ലേ? സ്വന്തം പ്രജകളുടെ സമ്പത്ത് സംരക്ഷിക്കുവാൻ ബാധ്യതയുള്ള ഗവൺമെന്റ് ആ പ്രജകളെ കൊള്ളയടിക്കാൻ സർക്കാർ സംവിധാനത്തെയും മുഖ്യമന്ത്രിയുടെ ഓഫീസിനെയും ഉപയോഗപ്പെടുത്താൻ കൂട്ടുനിന്നുവെന്നുള്ള ആക്ഷേപമാണ്

ഞങ്ങൾ ഉന്നയിക്കുന്നത്. അതുകൊണ്ടാണ് ഇത് അന്വേഷിക്കണമെന്ന് പറയുന്നത്. ഇത്രയും ദിവസമായി നാലഞ്ചുപേരെ സസ്പെന്റ് ചെയ്തു. ഈ ആരോപണം ഉന്നയിച്ച സമയത്തെല്ലാം ഇതെല്ലാം വ്യാജവാർത്തകളാണെന്നും വെറുതെ പറഞ്ഞ് നടക്കുന്നതാണെന്നുമാണ് നിങ്ങൾ പറഞ്ഞത്. ജോപ്പൻ, ജിക്കു, തോമസ് കുരുവിള ഇവരെ ആരെയെങ്കിലും അറസ്റ്റ് ചെയ്തോ; ഇവരെ ആരെയെങ്കിലും നിങ്ങൾ ചോദ്യം ചെയ്തോ; എന്താണ് നിങ്ങളുടെ അന്വേഷണം? അന്വേഷണത്തിന്റെ ഭാഗമായി നിങ്ങൾ ആരെയെങ്കിലും ചോദ്യം ചെയ്തോ; സലീം രാജ് എന്ന് പറയുന്ന മുഖ്യമന്ത്രിയുടെ ഗൺമാനെ അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്തോ; അദ്ദേഹത്തെ സർവ്വീസിൽ നിന്ന് മാറ്റിനിർത്തിയോ? നിങ്ങൾ ഓഫീസിൽ നിന്ന് മാറ്റി നിർത്തിയെന്ന് വ്യാജം പറഞ്ഞു. യഥാർത്ഥത്തിൽ സസ്പെന്റ് ചെയ്യാനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റിന് സാധിച്ചോ? കഴിഞ്ഞ ഏതാനും ദിവസങ്ങളായി നിയമസഭയ്ക്ക് അകത്തും പുറത്തും ചർച്ച ചെയ്യുന്ന ഈ വിഷയത്തിൽ ഞെട്ടിപ്പിക്കുന്ന ഒരുപാട് വിവരങ്ങൾ പുറത്തു വന്നിരിക്കുകയാണ്. ഭരണത്തലവനെ സംബന്ധിച്ച് ഗുരുതരമായ വെളിപ്പെടുത്തലുകൾ ഓരോ ദിവസവും പുറത്തുവരുമ്പോൾ ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യണ്ടേ? ഇവിടെ വ്യക്തി അപ്രസക്തമാണ്. ഇതൊരു ഓഫീസാണ്. ഈ പദവി, നാളെ അവിടെ ആരും വരും. ആരും പോകും. ഇരിക്കുന്ന പദവിയേയും ആ പദവിയുടെ കേന്ദ്ര സ്ഥാനമായ മുഖ്യമന്ത്രിയുടെ ഓഫീസിനേയും സംബന്ധിച്ച് അതിന്റെ ബഹുമാന്യതയും വിശ്വാസ്യതയും കാത്തുസൂക്ഷിക്കണ്ടേ; അത് കാത്തുസൂക്ഷിക്കാൻ ആവശ്യമായ നടപടിക്ക് നേതൃത്വം കൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാണോ?

ടീം സോളാർ എന്ന തട്ടിപ്പ് കമ്പനിയുടെ ഉടമസ്ഥനും കൊലപാതക ക്കേസിലെ പ്രതിയുമായ ബിജു രാധാകൃഷ്ണൻ അഭിഭാഷകൻ മുഖേന നട ത്തിയ മൊഴി സമൂഹ മധ്യത്തിൽ പുറത്തുവന്നിട്ടുണ്ട്. ആ മൊഴികൾ എന്തെ ല്ലാമാണ്? ഒന്ന്, ടീം സോളാറിനെ സഹായിക്കാൻ നിരവധി ശുപാർശക്കത്തു കൾ മുഖ്യമന്ത്രി നൽകിയിട്ടുണ്ടെന്നും ആവശ്യമാണെങ്കിൽ ഈ കത്തുക ളെല്ലാം കോടതിയിൽ ഹാജരാക്കാമെന്നുമാണ് പറഞ്ഞിരിക്കുകയാണ്. രണ്ട്, കത്തുകൾക്ക് പ്രതിഫലമായി മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് പണം പറ്റി യിട്ടുണ്ട്. ബിജു രാധാകൃഷ്ണൻ ടീം സോളാറിന്റെ ഉടമയാണെന്ന് മുഖ്യമന്ത്രിക്ക് നേരത്തെ അറിയാമായിരുന്നു. അദ്ദേഹം അറിഞ്ഞുകൊണ്ടാണ് ഈ ചർച്ചയ്ക്ക് നേതൃത്വം കൊടുത്തത്. എറണാകുളത്ത് നടന്ന ചർച്ചയിൽ വ്യക്തിപരമായ, കുടുംബപരമായ കാര്യങ്ങൾ മാത്രമല്ല, ബിസിനസ് കാര്യങ്ങളും ചർച്ച ചെയ്തിട്ടുണ്ട്.

വ്യക്തിപരമായ കാര്യങ്ങളാണ് ചർച്ച ചെയ്തതെങ്കിൽ പുറത്തുപറ യാൻ അങ്ങേയ്ക്ക് എന്താണ് തടസ്സം; ആരോടാണ് അങ്ങയുടെ ബാധ്യത? സ്വന്തം ഭാര്യയെ കൊന്ന കേസ്സിൽ അറസ്റ്റിലായി ജയിലിൽ പോകാനിരിക്കുന്ന ഒരു പ്രതിയുമായി അങ്ങ് നടത്തിയ രഹസ്യ ചർച്ചയുടെ വിശദാംശങ്ങൾ പുറത്തുവരാതിരിക്കാൻ മാത്രം എന്ത് രഹസ്യ ബന്ധമാണ് അങ്ങേയ്ക്ക് ബിജു രാധാകൃഷ്ണനുമായുള്ളത്; എന്തുകൊണ്ടാണ് അക്കാര്യം പറയാത്തത്? ബിസിനസ് തകർച്ചയിൽ നിന്ന് രക്ഷിക്കാൻ മുഖ്യമന്ത്രി സഹായങ്ങൾ വാഗ്ദാനം നൽകിയിരുന്നുവെന്ന കാര്യം ഇന്നലെ വെളിപ്പെട്ടിരിക്കുകയാണ്.

മറ്റൊരു വെളിപ്പെടുത്തൽ, തോമസ് കുരുവിള എന്റെ ഏറ്റവും അടുത്ത ആളുതന്നെയാണ്, എന്റെ പാർട്ടിയുടെ പ്രവർത്തകനാണ്, എനിക്കുവേണ്ടി

യാണ് അദ്ദേഹം ഫോൺ ചെയ്യാറുള്ളത്, അദ്ദേഹം എന്റെ കൂടെ താമസിക്കാറുണ്ട് ഇതെല്ലാം അങ്ങ് ഈ സഭയിൽ കഴിഞ്ഞ ദിവസം പറയുകയുണ്ടായി. തോമസ് കുരുവിള ജൂൺ മൂന്നാം തീയതി ന്യൂഡൽഹിയിലെ ലീല പാലസ് ഹോട്ടലിൽ ഒരു മുറിയെടുത്തിരുന്നു. മൂന്ന് ദിവസം മുറിയെടുത്തിട്ട് താമസിച്ചത് അദ്ദേഹമല്ല. അദ്ദേഹത്തിന്റെ കൂടെ അങ്ങ് ഉണ്ടായിരുന്നു. അങ്ങയുടെ കൂടെയാണ് കേരളാഹൗസിൽ നിന്ന് ഭക്ഷണം കഴിച്ചതും താമസിച്ചതും. അതേസമയത്ത് മുതുകാടിനെപ്പോലെ മായാവിയെപ്പോലെ രണ്ട് സ്ഥലത്ത് താമസിക്കാൻ തോമസ് കുരുവിളയ്ക്ക് കഴിയുമോ? തോമസ് കുരുവിളയ്ക്ക് കേരള ഹൗസിൽ റൂമുള്ള സാഹചര്യത്തിൽ എന്തിനാണ് ലീല പാലസിൽ മുറിയെടുത്തത്? അദ്ദേഹത്തിന്റെ പേരിലെടുത്ത മുറിക്കും ഭക്ഷണ ച്ചെലവിനുമായി 46000 രൂപ ചെലവഴിച്ചു. എന്നാൽ അവിടെ താമസിച്ചിരുന്നത് ബിജു രാധാകൃഷ്ണനാണെന്നുള്ള ഞെട്ടിപ്പിക്കുന്ന വാർത്തയാണ് പുറത്തുവന്നിട്ടുള്ളത്. ലീലാ പാലസ് ഹോട്ടലിൽ മുഖ്യമന്ത്രിയുൾപ്പെടുന്ന നേതാക്കളുമായി ബിജു രാധാകൃഷ്ണൻ സംസാരിച്ചിരുന്നുവെന്ന വാർത്തയാണ് ഇന്ന് പുറത്തുവന്നത്. അക്കാര്യത്തെ സംബന്ധിച്ച് ഈ ഗവൺമെന്റിന്റെ വിശദീകരണം വരണ്ടേ? എന്തിനാണ് നിങ്ങൾ അസ്വസ്ഥപ്പെടുന്നത്. മുഖ്യമന്ത്രിയുടെ ഓഫീസിൽ അനെർട്ടിന്റെ നിർദ്ദേശങ്ങൾ മറികടന്നുകൊണ്ട് എം. എൻ. ആർ. ഇ. യുടെ ലിസ്റ്റിൽപ്പെടാത്ത ട്രിവാൻഡ്രം ഗ്ലോബൽ സിറ്റി ഇനിഷ്യേറ്റീവ് എന്ന സ്ഥാപനത്തിന്റെ സൗരോർജ്ജ പാനൽ സ്ഥാപിച്ചു. അനധികൃതമായി ഗുണനിലവാരമില്ലാത്ത 78 സൗരോർജ്ജ പാനൽ കമ്പനികൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ആ സൗരേർജ്ജ കമ്പനികളെയെല്ലാം നിയന്ത്രിക്കണമെന്നും അവരെ അഴിഞ്ഞാടാൻ അനുവദിക്കരുതെന്നുമുള്ള

അനെർട്ടിന്റെ നിർദ്ദേശം നിങ്ങളുടെ ഗവൺമെന്റിന്റെ മുന്നിലില്ലേ? ആ നിർദ്ദേശം നിങ്ങളുടെ മുന്നിലുള്ള സന്ദർഭത്തിലാണ് ഒരു അംഗീകാരവുമില്ലാത്ത സ്ഥാപനത്തിന് കേരളം ഭരിക്കുന്ന മുഖ്യമന്ത്രിയുടെ ഓഫീസിൽ സോളാർ പാനൽ വയ്ക്കാൻ അനുവാദം കൊടുത്തത്. സ്വകാര്യ സൗരോർജ്ജ കമ്പനികളോട് എന്താണ് ഇത്ര പ്രണയം?

കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് വൈദ്യുതി വകുപ്പുമന്ത്രി മുന്നോട്ടുവച്ചത്. അതിൽ ഏതെങ്കിലും പദ്ധതികൾക്കായി നിങ്ങൾ പണം നീക്കിവച്ചോ? എന്തെല്ലാം നിർദ്ദേശങ്ങളുണ്ടായിരുന്നു. മൂവായിരം മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കേണ്ട പദ്ധതികളെല്ലാം വെള്ളത്തിലാക്കി ഈ ഗവൺമെന്റ്. ഒറീസ്സയിലെ വൈതരണി പാടം നഷ്ടപ്പെടുത്തിയ ഗവൺമെന്റ്, ഏതെങ്കിലും സ്വകാര്യ സോളാർ കമ്പനികൾക്കുവേണ്ടി ഇത്രയുമധികം ബുദ്ധിമുട്ടി മുഖ്യമന്ത്രിയുടെ ഓഫീസിലുൾപ്പെടെ അനധികൃതമായി കൊടുത്തത് ആരുടെ താൽപ്പര്യത്തിന്റെ പേരിലാണ്.

ഈ സഭയിൽ അങ്ങ് പറഞ്ഞത്, ബഹുമാനപ്പെട്ട മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കാൻ ഡൽഹിയിൽ പോയത് ഡിസംബർ 29-ന് ആണെന്നാണ്. സഭാരേഖകളിൽ കൃത്യമായും ഉണ്ട്. അങ്ങ് പോയത് യഥാർത്ഥത്തിൽ 27-ാം തീയതി ആയിരുന്നില്ലേ; ഡൽഹിയിൽ അങ്ങ് മാധ്യമ പ്രവർത്തകരെ കണ്ടില്ലേ;. 28-ാം തീയതി അങ്ങ് മടങ്ങുകയും ചെയ്തുവെന്ന വാർത്ത പുറത്തുവന്നിട്ടില്ലേ? എന്തിനാണ് ഡേറ്റ് മാറ്റിപറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിച്ചത്, എന്തിനാണ് സമൂഹത്തെയാകെ തെറ്റിദ്ധരിപ്പിക്കുന്ന സമീപനം സ്വീകരിച്ചത്. അന്നേ ദിവസം ഈ കേസ്സിലെ പ്രതിയായ

സരിത എസ് നായർ ഡൽഹിയിൽ ഉണ്ടായിരുന്നതായും അവരുടെ യാത്രാടിക്കറ്റ് സഹിതമുള്ള തെളിവുകൾ പുറത്തുവന്നിരിക്കുകയുമാണ്. സരിതയുമായി കൂടിക്കാഴ്ച നടത്തിയെന്ന വിവരം അങ്ങയുടെ നിഷേധത്തിനുശേഷവും അങ്ങയുടെ സ്വന്തം ആളായ തോമസ് കുരുവിള പുറത്തുപറഞ്ഞിരിക്കുകയാണ്.

അദ്ദേഹം റിപ്പോർട്ടർ ചാനലിന്റെ ലേഖകനോട് പറഞ്ഞത് എന്താണ്? ഞാൻ പതിവുപോലെ, എന്റെയടുത്തുവരുന്ന ആളുകളെ എങ്ങനെയാണ് ഡീൽ ചെയ്യുന്നതെന്ന് നിങ്ങൾക്കറിയാമല്ലോ. വിജ്ഞാൻ ഭവനിൽവച്ച് കൂടി ക്കാഴ്ചയ്ക്ക് ഞാൻ അവസരം കൊടുത്തു എന്നതിനപ്പുറം ഞാൻ എന്താണ് പറയേണ്ടതെന്ന് എന്നോട് പറഞ്ഞുവെന്ന് ഇന്നലേയും ഒരു ചാനൽ റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. വിജ്ഞാൻ ഭവനിൽ പതിവുപോലെ സൗകര്യം ചെയ്തുകൊടുത്തുവെന്ന് പറഞ്ഞത് സംബന്ധിച്ച്..... എന്തിനാണ് ഈ കളവ് സഭയിൽ അങ്ങ് പറഞ്ഞത്. സർക്കാർ ചീഫ് വിപ്പിന്റെ വെളിപ്പെടുത്തലുകൾ, പതിനായിരം കോടി രൂപയുടെ തട്ടിപ്പ് അങ്ങയുടെ ഓഫീസ് കേന്ദ്രീകരിച്ച് ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് ചീഫ് വിപ്പ് അല്ലേ പറഞ്ഞത്; എത്ര മാധ്യമങ്ങളിലൂടെ പറഞ്ഞു. വമ്പൻമാർ പലരുമുണ്ട്. ഇപ്പോൾ കരിമീൻ മാത്രമെയുള്ളൂ. അതിലും വലിയ മീൻ വരാൻ പോകുകയാണ്. ഇതെല്ലാം പുറത്ത് കൊണ്ടുവരും. ഒരു മാസം കഴിഞ്ഞ് പുറത്ത് കൊണ്ടുവന്നില്ലെങ്കിൽ ഞാൻ കൊണ്ടുവരിയിക്കും. ഈ ചീഫ് വിപ്പിനെ ചോദ്യം ചെയ്യണ്ടേ? ഈ ചീഫ് വിപ്പിനെ ചോദ്യം ചെയ്യണം. അദ്ദേഹത്തിനെ ചോദ്യം ചെയ്താൽ ഒട്ടനവധി വിവരങ്ങൾ പുറത്തുവരില്ലേ? ഇന്നലെ ശ്രീ. വി.എസ്. സുനിൽ കുമാർ പറഞ്ഞതുപോലെ രഹസ്യങ്ങളുടെ കലവറയായ കുടവയറുമായി നടക്കുന്ന ചീഫ് വിപ്പിനെ ചോദ്യം ചെയ്തിട്ട്

അദ്ദേഹത്തിന്റെ കയ്യിലുള്ള വിവരങ്ങൾ പുറത്തുകൊണ്ടുവരാൻ നിങ്ങൾക്ക് എന്താണ് തടസ്സം? പതിനായിരം കോടി രൂപയുടെ പദ്ധതിയാണ് ആസൂത്രണം ചെയ്തതെന്നും അതിന് മുഖ്യമന്ത്രിയുടെ ഓഫീസിലെ വമ്പൻമാരുണ്ടായിരുന്നുവെന്നും ചീഫ് വിപ്പല്ലേ പറഞ്ഞത?. ശ്രീ. ആര്യാടൻ മുഹമ്മദിന്റെ പദ്ധതികളോട് നിങ്ങൾ ഇതേ സമീപനം സ്വീകരിച്ചോ? ചീഫ് വിപ്പിനെ കുടുക്കാൻ ഒരു വനിതയെ എന്റെ വീട്ടിലേയ്ക്ക് അയച്ചു. ആരാണ് അയച്ചതെന്ന് ചീഫ് വിപ്പ് പറയട്ടെ. എന്നിട്ട് ആ വനിത കരഞ്ഞുകൊണ്ട് എന്റെ മാറിലേയ്ക്ക് ചായാൻ ശ്രമിച്ചു. അങ്ങനെ മാറിലേയ്ക്ക് ചായാൻ ശ്രമിച്ചപ്പോൾ ഞാൻ തന്ത്രപൂർവ്വം പുറത്തുകൊണ്ടുപോയെന്ന് ചീഫ് വിപ്പ് പല മാധ്യമങ്ങളോടും പറഞ്ഞതാണ്. പത്രങ്ങളിൽ നിന്ന് വന്നതാണ്. അദ്ദേഹം നിഷേധിച്ചിട്ടുണ്ടോ? ഒരു മുൻ മന്ത്രിയുടെ നേതൃത്വത്തിലാണ് എന്റെ വീട്ടിലേയ്ക്ക് ................ ചീഫ് വിപ്പിനെ തന്ത്രപൂർവ്വം കുടുക്കാൻ അയച്ചിട്ടുള്ള സരിതാ നായരെ അറസ്റ്റുചെയ്ത് കേസ് നിങ്ങൾ എടുത്തിട്ടുണ്ടോ? മറ്റൊരു വെളിപ്പെടുത്തൽ, അങ്ങയുടെ ഗൺമാൻ ഒറ്റപ്പെട്ട ഒരു കേസിൽ മാത്രമല്ല പ്രതി, ഒരുപാട് ആക്ഷേപങ്ങൾ അദ്ദേഹത്തെക്കുറിച്ച് വരികയാണ്. അതിനെല്ലാം ഗൺമാൻ എന്നുള്ള പദവി അദ്ദേഹം ഉപയോഗിച്ചില്ലേ? തിരുവനന്തപുരത്ത് കടകംപള്ളി വില്ലേജിൽ 44½ ഏക്കർ ഭൂമി 200 കോടി രൂപ വിലമതിക്കുന്ന ഭൂസ്വത്ത് തട്ടിയെടുത്തു എന്നുള്ള ഒരു കേസ്. കടംകംപള്ളിയിലെ ഭൂമി നഷ്ടപ്പെട്ട 200 കുടുംബങ്ങളുടെ അസോസിയേഷന്റെ പത്രസമ്മേളനം തിരുവനന്തപുരത്ത് നടന്നിരുന്നു. അവർ കഴിഞ്ഞ ഡിസംബർ മാസത്തിൽ അങ്ങേയ്ക്ക് ഒരു പരാതി നൽകിയിരുന്നു. ആ പരാതി അങ്ങ് ചവറ്റ്കുട്ടയിൽ

വലിച്ചെറിഞ്ഞില്ലേ? അങ്ങയുടെ സുതാര്യ കേരളത്തിലും ജനസമ്പർക്ക പരിപാടിയിലും കിട്ടിയ ഈ പരാതി അങ്ങ് എന്ത് ചെയ്തു?

മി. സ്പീക്കർ: ശ്രീ. പി. ശ്രീരാമകൃഷ്ണൻ, പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. 5 വർഷം മുമ്പ് ജില്ലാ കളക്ടർ അന്വേഷണം നടത്തി ഇത് തട്ടിപ്പാണെന്ന് കണ്ടെത്തിയിട്ട് 2008-ൽ അഴിമതി നടത്തിയതിന്റെയും വ്യാജ പ്രമാണം ചമച്ചതിന്റെയും റവന്യൂ രേഖകളിൽ ക്രമക്കേട് നടത്തിയതിന്റെയും പേരിൽ കടകംപള്ളിയിലെ വില്ലേജ് ഓഫീസർ വിദ്യോദയ കുമാറിനെ സസ്പെന്റ് ചെയ്തിരുന്നു. അതെല്ലാം അറിഞ്ഞുകൊണ്ട് അങ്ങ് ഈ കേസിൽ ആരെ സംരക്ഷിക്കാൻ വേണ്ടി ശ്രമിച്ചു. കൊച്ചിയിൽ മറ്റൊരു ഭൂമി തട്ടിപ്പ് ഇതേ സലിം രാജിന്റെ നേതൃത്വത്തിൽ നടന്നത്, ഒരു പാവപ്പെട്ട കുടുംബം കഴിഞ്ഞ ദിവസം പത്രസമ്മേളനം നടത്തി പറഞ്ഞു. ഇതെല്ലാം അറിഞ്ഞുകൊണ്ട് ഇങ്ങനെ ചെയ്യുന്നത് ഒരു സാധാരണ പോലീസുകാരൻ പോലീസ് പദവി ഉപ യോഗിച്ചിട്ടാണോ? അല്ലല്ലോ.

മി. സ്പീക്കർ: ശ്രീ. പി. ശ്രീരാമകൃഷ്ണൻ, 14 മിനിട്ടായി.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ 2 മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം. സോളാർ പാനൽ സ്ഥാപിച്ചു. അത് ടീം സോളാറിന്റേതായിരുന്നു എന്ന് മറ്റൊരു വെളിപ്പെടുത്തൽ ഇന്നലെ ശ്രീ. ആർ. ബാലകൃഷ്ണപിള്ള വെളിപ്പെടുത്തിയിട്ടുണ്ട്. ടീം സോളാറിന്റെ സബ്സിഡി എനിക്ക് കിട്ടിയിരുന്നു. എങ്ങനെയാണ് ആ സബ്സിഡി കിട്ടിയത്? എങ്ങനെയാണ് എൻലിസ്റ്റിൽപ്പെടാതെ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ വീട്ടിൽ ടീം സോളാർ സ്ഥാപിച്ചപ്പോൾ സബ്സിഡി കിട്ടിയത്? കേരളാ

പോലീസ് അസോസിയേഷന്റെ സംസ്ഥാന സമ്മേളനത്തിന് സരിത എസ്. നായർ 40 ലക്ഷം രൂപ സ്പോൺസർ ചെയ്തുവെന്നാണ് പറയുന്നത്. സരിത എസ് നായരുടെ ചെലവിലുള്ള കേരളാ പോലീസിന്റെ അന്വേഷണം എങ്ങനെയാണ് സുതാര്യമായ അന്വേഷണം ആകുന്നത്.

മി. സ്പീക്കർ: ശ്രീ. പി. ശ്രീരാമകൃഷ്ണൻ, ഇത് എത്ര ദിവസം പറഞ്ഞതാണ്. ഈ സഭയിൽ ഇത് മൂന്നുനാല് ദിവസം പറഞ്ഞതാണ്. ഇതൊന്നും പുതിയതല്ല. ഒത്തിരി പ്രാവശ്യം പറഞ്ഞു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, മേൽപ്പറഞ്ഞ പുതിയ വെളിപ്പെടുത്തലുകളും വാർത്തകളും സൃഷ്ടിച്ച ആശങ്കകൾ പരിഹരിക്കണ്ടേ? ഞാൻ അവസാനിപ്പിക്കുകയാണ്. ഈ സംഭവമായി ബന്ധപ്പെട്ട് വന്നിട്ടുള്ള 6 ഘടകങ്ങളുടെ കോ-ഓർഡിനേഷനിൽ എന്താണോ പ്രതിപക്ഷം ഇതുവരെ ഉന്നയിച്ചത് അതെല്ലാം ശരിയാണെന്ന് തെളിയിക്കുന്ന നിലയിലാണ് വന്നിട്ടുള്ളത്. ഒന്ന് മാധ്യമങ്ങളാണ്.... ഇതൊന്നും ഈ ഗവൺമെന്റിന്റെ പോലീസിന്റെ കണ്ടുപിടിത്തത്തിന്റെ ഭാഗമായി പുറത്തുവന്നതല്ല. ഒരു ചാനൽ പുറത്തുകൊണ്ടുവന്ന ഫോൺ കോളുകളുടെ ഡീറ്റെയിൽസിന്റെ ഭാഗമായിട്ടാണ് ഈ വിഷയം പുറത്തുവരുന്നത്. മാധ്യമങ്ങൾ പുറത്തുവിട്ട ഫോൺ ഡീറ്റെയിൽസ്, സജ്ജാദിന്റെ പരാതി, എ.ഡി.ജി.പി. സെൻ കുമാർ എന്താണ് പറഞ്ഞത്? സെൻ കുമാർ അന്വേഷിച്ചിട്ട് പറഞ്ഞത് ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം നടക്കണം. ഇതിൽ കുഴപ്പമുണ്ട്. സമഗ്രമായ അന്വേഷണം നടത്തിയാലെ തീരൂ. സമഗ്രമായ അന്വേഷണം വേണമെന്നായിരുന്നു അദ്ദേഹത്തിന്റെ കണ്ടെത്തൽ. മുഖ്യമന്ത്രി സഭയിൽ നൽകിയ മറുപടികൾ ഇതിനെ സബ്സ്റ്റാൻഷിയേറ്റ്

ചെയ്യുകയാണ്. അദ്ദേഹം പറഞ്ഞത് ഞാൻ സരിതയെ കണ്ടിരുന്നു. അങ്ങ് സമ്മതിച്ചില്ലേ? സരിതയെ കണ്ടു എന്ന് അങ്ങ് സമ്മതിച്ചില്ലേ? അപ്പോൾ പത്രക്കാർക്കിടയിലാണന്ന് അദ്ദേഹം ദുർവ്യാഖ്യാനിച്ചു. ബിജുവിനോട് സംസാരിച്ചുവെന്ന് അങ്ങ് സമ്മതിച്ചില്ലേ? ബിജുവിനോട് സംസാരിച്ചപ്പോൾ അങ്ങ് അദ്ദേഹത്തെ അറിയില്ലായിരുന്നുവെന്നാണ് പറഞ്ഞത്.

മി. സ്പീക്കർ: ഇതിങ്ങനെ പോയാൽ 2 മിനിട്ടിൽ തീരില്ല. പ്ലീസ്....പ്ലീസ്.........

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ അവസാനിപ്പിക്കാം. 2011 ആഗസ്റ്റ് മാസം 10-ാം തീയതിയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ബിജു രാധാകൃഷ്ണൻ പണം കൊടുത്തത്. അന്ന് പണം കൊടുക്കുമ്പോൾ കണ്ണടച്ച് അദ്ദേഹത്തെ കാണാതെയാണോ പണം വാങ്ങിയത്.

മി. സ്പീക്കർ: ഇത് ആവർത്തന വിരസമാണ്. ഇതെല്ലാം നേരത്തെ പറഞ്ഞതാണ്. പുതിയ കാര്യം ഒന്നുമില്ല. എല്ലാം നേരത്തെ പറഞ്ഞതാണ്. പ്ലീസ്........പ്ലീസ്.....................

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, 2011 ആഗസ്റ്റ് മാസം ചെക്ക് വാങ്ങിയ കള്ള ചെക്ക് നൽകിയിട്ട് അദ്ദേഹത്തെ മാത്രമല്ല കേരളത്തിലെ സാധാരണ സാമൂഹ്യ ജനങ്ങളെയാകെ വഞ്ചിച്ച സലിം രാജിനെതിരായി ഒരു കേസ് നിങ്ങൾ എടുത്തോ? വണ്ടി ചെക്ക് കേസ് എടുത്തിട്ടുണ്ടോ?

മി. സ്പീക്കർ: ശ്രീ. പി. ശ്രീരാമകൃഷ്ണൻ, ഞാൻ മൈക്ക് ഓഫ് ചെയ്യും. നോ.....നോ......പ്ലീസ്........പ്ലീസ് കൺക്ലൂഡ്.......പ്ലീസ്.....

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ബിജു രാധാകൃഷ്ണന്റെ കൂടിക്കാഴ്ചയെ സംബന്ധിച്ച് അദ്ദേഹം പറയുന്നത് 4-ാം തീയതി ശ്രീ. പി.സി. ജോർജ് ... (തടസ്സം)................................ അതെല്ലാം അസംബന്ധമാണ്. ഇതെല്ലാം പരസ്പരം ബന്ധപ്പെട്ടതാണ്. മുഖ്യമന്ത്രിയുടെ ഓഫീസ് സ്റ്റാഫിനോട് ചോദിച്ചു. ...........(തടസ്സം)..............ഈ പറയുന്ന കാര്യങ്ങളെല്ലാം അദ്ദേഹം അംഗീകരിച്ചു. ചീഫ് വിപ്പിന്റെ വെളിപ്പെടുത്തലുകൾ ബിജു രാധാകൃഷ്ണന്റെ മൊഴി ഈ ആറ് ഘടകങ്ങളും പരിശോധിക്കുമ്പോൾ ഈ പറയുന്ന വിവരങ്ങളിൽ ബഹുഭൂരിപക്ഷവും സത്യമാണെന്നുള്ളതാണ് .സത്യമായ കാര്യങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തി സാദ്യശ്യമുള്ള കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്താൻ നിങ്ങൾക്ക് എന്താണ് തടസ്സം.

മി. സ്പീക്കർ: ശ്രീ. പി. ശ്രീരാമകൃഷ്ണൻ, കയ്യിൽ ഇരിക്കുന്ന നോട്ട് മുഴുവൻ വായിക്കാതെ. ഞാൻ മൈക്ക് ഓഫ് ചെയ്യും. എന്നെക്കൊണ്ട് അങ്ങനെ ചെയ്യിപ്പിക്കരുത്. പ്ലീസ്.....പ്ലീസ് കൺക്ലൂഡ്..... പ്ലീസ് കൺക്ലൂഡ്.......

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, അവസാനിപ്പിക്കാം. ജുഡീഷ്യൽ അന്വേഷണം നടത്താതെ ഇങ്ങനെയുള്ള കാര്യം പുറത്ത് ........ഇതുകൊണ്ട് കേസ് ഇല്ലാതാകുമെന്നാണോ പറയുന്നത്. ക്രിമിനൽ കേസ് ഇല്ലാതാകേണ്ടതുണ്ടോ? മാറാട് കേസ് സി.ബി.ഐ. അന്വേഷിക്കുമ്പോഴല്ലേ ജുഡീഷ്യൽ അന്വേഷണത്തിന് വിട്ടത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്....... മാറാടൊന്നും ഇവിടെ പറയേണ്ട കാര്യമില്ല. പ്ലീസ്...

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ടു.ജി. സ്പെക്ട്രം കേസ് സി.ബി.ഐ. അന്വേഷിക്കുമ്പോഴല്ലേ ജോയിന്റ് പാർലമെന്ററി കമ്മിറ്റി അന്വേഷിച്ചത്. ഇത്

ക്രിമിനൽ കേസ് ആയതുകൊണ്ട് ജുഡീഷ്യൽ അന്വേഷണം പാടില്ലെന്ന് നിങ്ങൾ പറയുന്നത് ആരെ രക്ഷിക്കാനാണ്? നിങ്ങൾ ആരെയോ രക്ഷിക്കാൻ... മടിയിൽ കനമുള്ളവർക്കേ വഴിയിൽ ഭയക്കേണ്ടൂ........ നിങ്ങൾ ആരെയോ രക്ഷിക്കാൻ വേണ്ടി നടത്തുന്ന ഈ ധിക്കാരത്തിന്റെ മുന്നിൽ മുട്ട് മടക്കാൻ ഞങ്ങൾക്ക് കഴിയില്ല. ഈ കേരളത്തിലെ ജനങ്ങളുടെ ആശങ്കകൾ മുഴുവൻ പുറത്തുകൊണ്ടുവരുന്ന നിലയിൽ പ്രതിപക്ഷം ശക്തമായ നിലപാട് സ്വീകരിക്കും. അതിന് നിങ്ങൾ പാർലമെന്ററി പാർട്ടി കൂടിയിട്ട് എന്ത് ഭീഷണി വന്നാലും ഏത് തരത്തിലുള്ള വെല്ലുവിളികൾ നടത്തിയാലും സഭയ്ക്ക് അകത്തും പുറത്തും ശക്തമായ പ്രതിഷേധവുമായി ഞങ്ങൾ മുന്നോട്ട് പോകുമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ചെയർ പറഞ്ഞാൽ ഉടനെ നിർത്തണമെന്ന് പറയുന്നില്ല. കുറച്ചുകൂടി പറയാനുണ്ടാകും. പക്ഷേ അതൊരു വാശിയായി എടുക്കരുത്. ഇവിടെ മൈക്ക് ഓഫ് ചെയ്യുന്ന സിസ്റ്റമുണ്ട്. ഞാൻ ഇതുവരെയും അങ്ങനെ ചെയ്തിട്ടില്ല.

ശ്രീ. പി.സി. ജോർജ്: സർ, സ്ഥിരമായി എന്റെ പേര് പരാമർശിക്കുകയാണ്.

ശ്രീ. സി. ദിവാകരൻ: സർ, അടിയന്തര പ്രമേയത്തിന് മറുപടി പറയാനുള്ള അവസരത്തിൽ വേറെ ആർക്കും സംസാരിക്കാനുള്ള അവകാശമില്ല.

മി. സ്പീക്കർ: വേണ്ട.....നോ....നോ....പ്ലീസ്.....പ്ലീസ്....ഇൻഫോർമേഷൻ മിനിസ്റ്റർ സംസാരിക്കും. കാരണം ജനപഥത്തെക്കുറിച്ച് പറഞ്ഞതുകൊണ്ട് മന്ത്രിക്ക് പറയാനുണ്ട്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, ഇവിടെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ ജനപഥത്തിന്റെ ഏപ്രിലിലെ ഇഷ്യൂ കാണിച്ച് സംസാരിക്കുകയുണ്ടായി. അതിന്റെ കവർ പേജിൽ (ജനപഥത്തിന്റെ കവർ പേജ് ഉയർത്തി കാണിച്ചു) ഒരു സൂര്യകാന്തി പൂവും അതിൽ സോളാർ പാനലുമാണ്. സൂര്യകാന്തി പൂവിൽ സോളാർ പാനൽ വച്ചതാണ് അതിന്റെ കവർ ചിത്രം. ജനപഥത്തിന്റെ ഉള്ളടക്കമോ അതിന്റെ കവറോ മന്ത്രി കണ്ടല്ല അച്ചടിക്കുന്നത്. നിങ്ങൾക്കറിയാമല്ലോ. (ബഹളം..........) ഞാൻ പൂർത്തിയാക്കട്ടെ. ഈ സമയത്ത് ജനപഥത്തിന്റെ ചീഫ് എഡിറ്റർ ഇന്നലെ സസ്പെന്റ് ചെയ്യപ്പെട്ട ഡയറക്ടർ ശ്രീ. ഫിറോസ് ആയിരുന്നു. ഈ വന്ന കവർ ടീം സോളാറുമായി ബന്ധമുള്ളതാണോയെന്ന് അന്വേഷിക്കാം. ഈ കാര്യം ഗവൺമെന്റ് അറിഞ്ഞിട്ടില്ല. ഇത് അന്വേഷിച്ച് നടപടി സ്വീകരിക്കും. ഇവിടെ പറഞ്ഞ ഒരു കാര്യം നേരത്തെ ആഭ്യന്തര വകുപ്പ് മന്ത്രി പറഞ്ഞതാണ്. മുഖ്യമന്ത്രിയുടെ ഓഫീസിൽ സോളാർ പാനൽ വച്ചത് സി-ഡിറ്റാണ്. സി-ഡിറ്റ് സോളാർ പാനലിന്റെ ക്യാമ്പയിനുവേണ്ടി (.........ബഹളം.........) ഞാൻ പറഞ്ഞ് പൂർത്തിയാക്കട്ടെ.

മി. സ്പീക്കർ: യെസ്....യെസ്.....സി ഡിറ്റിന്റെ വകുപ്പുമന്ത്രിയാണ്. (.........ബഹളം.........)

ശ്രീ. കെ.സി. ജോസഫ്: സർ, സി-ഡിറ്റ് സൂര്യകേരളം പദ്ധതിയെന്ന ഒരു പദ്ധതിയുണ്ടാക്കി. അതിന്റെ ലോഞ്ചിംഗ് പ്രോഗ്രാമാണ് ഞങ്ങൾ എടുത്തത്. മുഖ്യമന്ത്രിയുടെ ഓഫീസിൽ സോളാർ പാനൽ വച്ചു. ഈ പാനൽ വയ്ക്കുമ്പോൾ ആ സമയത്ത് അനെർട്ട് ആരെയും എംപാനൽ ചെയ്തിരുന്നില്ല. ഇവിടെ മന്ത്രി പറഞ്ഞതുപോലെ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സി-ഡിറ്റ് ഇത് ചെയ്യുന്ന ആൾക്ക് സബ്സിഡിയുണ്ടോ? അനെർട്ടിന്റെ ലിസ്റ്റിൽ ഇല്ലാത്ത ആൾക്ക് സബ്സിഡി കിട്ടുമോ? സി-ഡിറ്റ് ചെയ്താൽ സബ്സിഡി കിട്ടുമോ? സബ്സിഡി ഇല്ലാത്ത ഒരു കാര്യം ചെയ്യാൻ വേണ്ടി എന്തിനാണ് മുഖ്യമന്ത്രിയുടെ ഓഫീസിൽ ഇത് വയ്ക്കാൻ കാരണം. അപ്പോൾ സർക്കാരിന് കിട്ടുന്ന പൈസ നഷ്ടപ്പെടുത്തിയില്ലേ?

ശ്രീ. കെ.സി. ജോസഫ്: സർ, സി-ഡിറ്റ് ചെയ്തപ്പോൾ ആരുടെയും സബ്സിഡി വാങ്ങിയിട്ടില്ല. അനെർട്ടിന്റെ പദ്ധതിപ്രകാരം ഒരു കിലോവാട്ടിന്റെ പാനൽ സ്ഥാപിക്കണമെങ്കിൽ ചെലവ് 2,70,000 രൂപയാണ്. ഞങ്ങൾ ചെലവഴിച്ചത് 2,20,000 രൂപയാണ്. ആ പദ്ധതിയിൽ 50,000 രൂപ ലാഭമായിരുന്നു. (.........ബഹളം.........) ഈ പദ്ധതിക്കുവേണ്ടി......

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ അങ്ങ് പറയാനുള്ളത് പറഞ്ഞിട്ട് ആഭ്യന്തര മന്ത്രിയെ വിളിക്കണം.

ശ്രീ. കെ.സി. ജോസഫ്: സർ, ഈ പദ്ധതിക്കുവേണ്ടി മെഗാബൈറ്റ്സ് തെരെഞ്ഞെടുത്തത് ഇവിടെ നേരത്തെ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതുപോലെ ഡോ. ആർ. വി. ജി. മേനോൻ ചെയർമാനായ ഒരു സമിതിയുടെ ശുപാർശയിലാണ്. ഞങ്ങൾക്ക് യാതൊന്നും മറച്ച് വയ്ക്കാനില്ല. ഈ പദ്ധതിയുടെ പൂർണ്ണ ഉത്തരവാദിത്വം സി-ഡിറ്റിനാണ്. അതിന്റെ മന്ത്രിയായ എനിക്കാണ്, വേറെയാർക്കുമല്ല. ഒന്നും മറച്ച് വയ്ക്കാനില്ല. അവിഹിതമായ ഒന്നും നടന്നിട്ടില്ല. (.........ബഹളം.........) അതുകൊണ്ട് ദയവായി ഈ ആരോപണങ്ങൾ ആവർത്തിച്ച് പറഞ്ഞ് സംശയത്തിന്റെ പുകമറയുണ്ടാക്കരുത്. ഇത്രയും വാചാലമായി

സംസാരിക്കുമ്പോൾ ഇതിന് ആകെ ചെലവഴിച്ചത് 2,70,000 രൂപയാണെന്ന്. നിങ്ങൾ മനസ്സിലാക്കണം ഇതിന്റെ ചുമതല മുഴുവൻ സി-ഡിറ്റിന് മാത്രമാണ്. മറ്റാർക്കുമല്ല.

ശ്രീ. എ. കെ. ബാലൻ: സർ, ഇവിടെ എനിക്കൊരു ചോദ്യം ചോദിക്കാനുണ്ട്. ഞാൻ ഇന്നുവരെ ഈ വിഷയത്തിൽ ഇടപെട്ടിട്ടില്ല. എനിക്ക് ഒരു ചോദ്യം മാത്രമേ ചോദിക്കാനുള്ളൂ.

മി. സ്പീക്കർ: ഇല്ല, ഇവിടെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറയട്ടെ. ശ്രീ. എ.കെ. ബാലൻ, നോ........നോ.......ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് മറുപടി നൽകൂ. പ്ലീസ്.......... പ്ലീസ്........ഇവിടെ ആഭ്യന്തര വകുപ്പുമന്ത്രി മറുപടി നൽകട്ടെ. യെസ്.......... ശ്രീ. എ.കെ. ബാലൻ, നോ, നോ....... ഇത് ശരിയല്ല. വേണ്ട, ഇവിടെ ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറയട്ടെ. ഇവിടെ ഒരു ചോദ്യവും ഇല്ല. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി മറുപടി നൽകട്ടെ. അതിനുശേഷം അങ്ങേയ്ക്ക് ചോദിക്കാം. ബഹുമാനപ്പെട്ട് ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറയുന്നതിനിടയിൽ അങ്ങേയ്ക്ക് ചോദ്യം ചോദിക്കാൻ അദ്ദേഹം സമയം നൽകും. പ്ലീസ്........ പ്ലീസ്.......

ശ്രീ. എ. കെ. ബാലൻ: ഇവിടെ ആഭ്യന്തര വകുപ്പുമന്ത്രി വഴങ്ങിയാൽ മാത്രമേ ഞാൻ ചോദ്യം ചോദിക്കുകയുള്ളൂ. അല്ലാതെ ഞാൻ ചോദിക്കുകയില്ല.

മി. സ്പീക്കർ: യെസ്, യെസ്............. നിങ്ങൾ ഇരിക്കണം. ഇവിടെ സ്പീക്കർ എന്ത് ചെയ്യണമെന്ന് ആരും ഡയറക്ഷൻ നൽകേണ്ട. യെസ്, പ്ലീസ്........ പ്ലീസ്............

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, എനിക്ക് പറയാനുള്ള കാര്യങ്ങൾ വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ പറയാം. ഡിസ്റ്റർബൻസില്ലെങ്കിൽ കാര്യങ്ങൾ കുറച്ചുകൂടി എളുപ്പമാകും. ഞാൻ പറയുന്ന കാര്യങ്ങൾ വലിയ തെറ്റില്ലാതെ അവർക്ക് ബോധ്യപ്പെടുകയും ചെയ്യും. ഇവിടെ ഒന്നാമത്തേത് പോലീസ് അസോസിയേഷനെക്കുറിച്ചുള്ള ഒരു ആക്ഷേപമാണ്. ഞാൻ പോലീസ് അസോസിയേഷന്റെ ഭാരവാഹികളുമായി സംസാരിച്ചപ്പോൾ അവർ അങ്ങനെയൊരു പരിപാടി അവർ സ്പോൺസർ ചെയ്തിട്ടേയയില്ല എന്നാണ് പറഞ്ഞത്. രണ്ടാമത്തേത്, പോലീസ് അസോസിയേഷന്റെ ഭാരവാഹികൾതന്നെ ഇക്കാര്യം പത്രക്കുറിപ്പുവഴി അറിയിച്ചിട്ടുമുണ്ട്. ഇവിടെ അന്വേഷണത്തെക്കുറിച്ചും പരാമർശിക്കുകയുണ്ടായി. അന്വേഷണത്തിന്റെ ഭാഗമായി ഈ കേസിലെ പ്രധാന പ്രതികളെ ചോദ്യം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ പ്രധാന പ്രതിയിൽ നിന്നും ലഭിക്കുന്ന മൊഴിയുടെ അടിസ്ഥാനത്തിൽവേണം മറ്റ് വ്യക്തികളെ ചോദ്യം ചെയ്യാൻ. അങ്ങനെ ചോദ്യം ചെയ്യേണ്ടിവരുന്ന സന്ദർഭത്തിൽ അവർ ഗവൺമെന്റ് സർവ്വീസിലുണ്ടോ, ഏതെങ്കിലും രൂപത്തിലുള്ള സ്റ്റാഫിലാണോ എന്നൊന്നും നോക്കുന്ന പ്രശ്നമില്ല. ആ അന്വേഷണത്തിൽ അവരെ ചോദ്യം ചെയ്യണമെങ്കിൽ അന്വേഷണ സംഘത്തിന് യുക്തമായ സന്ദർഭത്തിൽ ....... ഏതായാലും മൂന്ന് മാസത്തിനപ്പുറം ഈ കേസിന്റെ അന്വേഷണം നീളുകയില്ല. യുക്തമായ സന്ദർഭത്തിൽ അന്വേഷണ സംഘം വ്യക്തികളെ ചോദ്യം ചെയ്യുകയും അതിനുശേഷം മറ്റ് നടപടികൾ സ്വീകരിക്കുകയും ചെയ്യും. ആരോപണ വിധേയരായ വ്യക്തികളെ ഓഫീസുമായി ബന്ധപ്പെട്ട ജോലികളിൽ നിന്ന് പൂർണ്ണ

മായും മാറ്റിയെന്നും ഇനി അവർ പ്രതികളാണെന്ന് ബോധ്യപ്പെടണമെങ്കിൽ ചോദ്യം ചെയ്യൽ പൂർത്തിയാകണമെന്നുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഇത്തരത്തിൽ പ്രധാന പ്രതിയെ ചോദ്യം ചെയ്തതിനു ശേഷമേ ബാക്കിയുള്ള ആളുകളെ ചോദ്യം ചെയ്യാൻ കഴിയുകയുള്ളൂ. ആ ചോദ്യംചെയ്യൽ മുന്നോട്ട് പോകുകയാണ്. അങ്ങനെ പോകുന്ന വഴിക്ക് അതിന്റെ മധ്യത്തിൽവച്ച് അതുസംബന്ധിച്ച് എനിക്കൊരു തീരുമാനം പറയാൻ സാധിക്കാത്തതുകൊണ്ട് ഞാൻ അതിനെക്കുറിച്ചൊന്നും പരാമർശിക്കുന്നില്ല. മൂന്നാമതായി, ശ്രീ.ബിജു രാധാകൃഷ്ണനെ 2010 ജനുവരി മാസം 15-ാംതീയതി അറസ്റ്റ് ചെയ്തപ്പോൾഇയാൾക്കെതിരായ മറ്റ് കേസുകളെക്കുറിച്ച് പരിശോധിച്ചിരുന്നില്ല. അതിൽ രണ്ട് കേസുകളിൽ മാത്രം ഫോർമൽ അറസ്റ്റ് എന്നുപറഞ്ഞ് റെക്കോർഡ് ചെയ്തിരുന്നു. അതേസമയം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 69/2010, 70/2010 എന്നീ രണ്ട് കേസുകളുണ്ടായിരുന്നു. ഈ രണ്ട് കേസുകളിലും അദ്ദേഹത്തെ അറസ്റ്റ് ചെയ്തില്ല. അതുപോലെ കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 142/2010, 219/2010, വള്ളിക്കുന്നം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 61/2009 എന്നീ മൂന്ന് കേസുകളിലും അദ്ദേഹത്തെ അറസ്റ്റ് ചെയ്തിട്ടില്ല. ഇത്തരത്തിൽ അറസ്റ്റ് ചെയ്യാൻ സാധിക്കുമായിരുന്ന പല കേസുകളിലും അറസ്റ്റ് ചെയ്തിട്ടില്ല. പ്രസ്തുത കേസുകളെല്ലാം ഇപ്പോൾ ഈ ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഞാൻ ആരെയും കുറ്റപ്പെടുത്തുകയല്ല. പക്ഷേ അതും ഈ ഗവൺമെന്റ് പരിശോധിക്കുകയാണ്. ഇത്തരത്തിൽ പരിശോധിച്ചപ്പോഴാണ് പച്ചയായ ഒരു കൊലപാതകം കേരളജനസമൂഹത്തിന്റെ മധ്യത്തിലെത്തിലെത്തിയത് ഈ

ഗവൺമെന്റ് അന്വേഷണം നടത്തിയപ്പോൾത്തന്നെയാണ്. ഈ കൊലപാത കത്തെക്കുറിച്ചുള്ള അന്വേഷണം നടക്കുകയാണ്. ഇവിടെ എനിക്ക് ലഭിച്ച ഒരു കത്തുണ്ട്. പ്രസ്തുത കത്ത് ഞാൻ അന്വേഷണ സംഘത്തിന് കൈമാറു കയാണ്. പ്രസ്തുത കത്തിന്റെ ക്രെഡിബിലിറ്റിയെക്കുറിച്ച് എനിക്ക് അറിയില്ല. പക്ഷേ ഒരു സോഴ്സ് എന്നുള്ള നിലയ്ക്ക് ഞാൻ അതിവിടെ ക്വാട്ട് ചെയ്യുന്നില്ല. കൊല്ലം പൊയിലക്കട വ്യാപാരി ശ്രീ. പരമേശ്വരൻ പിള്ളയുടെ മൂന്നാമത്തെ മകളായ രശ്മിയെ പ്രേമം നടിച്ച് വിവാഹം കഴിച്ചതിന് കൊട്ടാര ക്കര കുളക്കട സ്വദേശി ശ്രീ. ബിജു രാധാകൃഷ്ണൻ എന്ന തട്ടിപ്പുകാര നാണെന്ന് കാണിച്ചുകൊണ്ട് മരിച്ചുപോയ കുട്ടിയുടെ അച്ഛൻ അന്നത്തെ മുഖ്യമന്ത്രിക്ക് ഒരു കത്ത് അയച്ചിരുന്നു എന്നാണ് എനിക്ക് ലഭിച്ച രേഖ. ഞാൻ ഇത് അന്വേഷണ സംഘത്തിന് കൈമാറുകയാണ്. അന്ന് അവർക്ക് തൃപ്തികരമായ പ്രൊട്ടക്ഷൻ ഗവൺമെന്റ് നൽകിയോ; ഇല്ലെങ്കിൽ ഇത്തര ത്തിൽ പ്രൊട്ടക്ഷൻ നൽകാതിരിക്കാനുള്ള കാരണമെന്താണ് എന്നതിനെക്കുറി ച്ചെല്ലാം അന്വേഷണ സംഘം പരിശോധിക്കട്ടെ. അതിന് എന്റെ കയ്യിൽ കിട്ടിയ കത്ത് ഞാൻ അവർക്ക് കൊടുക്കുകയാണ്. ഇതുവരെയുള്ള എല്ലാ കാര്യങ്ങളും അന്വേഷണ സംഘം അന്വേഷിക്കട്ടെ. അന്വേഷണസംഘ ത്തിന്റെ രൂപത്തിലേയ്ക്ക് അത് വരട്ടെ. അതുവരെ സാവകാശം കാണിക്കുക. ആയതിനാൽ ഈ അടിയന്തര പ്രമേയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇവിടെ എനിക്കെതിരായി പല കാര്യങ്ങളും പറഞ്ഞതിനുശേഷം അതിനുള്ള മറുപടി കേൾക്കാൻ നിങ്ങൾ എന്തിനാണ് മടിക്കുന്നത്? ഇവിടെ കഴിഞ്ഞ ബുധനാഴ്ച മുതൽ ചർച്ച ചെയ്യുന്ന പ്രശ്നമാണിത്. നിങ്ങൾ പുതുതായി അടിയന്തരപ്രമേയത്തിന്

നോട്ടീസ് നൽകിയപ്പോൾ ഇന്നലെ ശ്രീ. ബിജു രാധാകൃഷ്ണന്റെ വക്കീൽ വെളിപ്പെടുത്തിയ കാര്യങ്ങൾ സംബന്ധിച്ച് എന്തൊക്കെയോ പറയുമെന്നാണ് ഞാൻ ധരിച്ചത്. 2010-ൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത് ആലപ്പുഴയിൽ നടന്ന ഒരു തട്ടിപ്പുമായി ബന്ധപ്പെട്ട് മൂന്നുപേരെ പ്രതികളാക്കി കേസെടുത്തിരുന്നു. ആ കേസിലെ ഒന്നാം പ്രതി ശ്രീ. ബിജു രാധാകൃഷ്ണനും രണ്ടാം പ്രതി സരിതാ നായരും മൂന്നാം പ്രതി ഈ വക്കീലുമാണ്. അന്ന് ഇവരുടെ കൂടെ തട്ടിപ്പ് നടത്തിയ ഒരു പ്രതി... ആ മൂന്നാം പ്രതിയുടെ രാഷ്ട്രീയ സ്വാധീനം ശ്രീ. രാധാകൃഷ്ണൻ ഇവിടെ പറയുകയുണ്ടായി. ആ സ്വാധീനത്തിന്റെ പേരിൽ ആ കേസുമായി ബന്ധപ്പെട്ട് ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നാണ് അന്നത്തെ പരാതിക്കാരൻ പറഞ്ഞിരിക്കുന്നത്. ചെന്നൈയിലെ ഒരു വ്യവസായിയായ പ്രകാശിനെ കബളിപ്പിച്ച് അദ്ദേഹത്തിൽ നിന്നും രൂപ തട്ടിയെടുത്തു എന്നതാണ് കേസ്. പക്ഷേ ഈ രാഷ്ട്രീയ സ്വാധീനത്തിന്റെ മറവിൽ അതിന്മേൽ യാതൊരു നടപടിയും നടന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നിരവധി കേസിൽ പ്രതിയായ ശ്രീ. ബിജുവുമായി ഒരു മണിക്കൂറോളം അങ്ങ് എന്ത് വിഷയത്തെക്കുറിച്ചാണ് സംസാരിച്ചത്?

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ അതിലേയ്ക്കാണ് വരുന്നത്. അതിനുമുമ്പ് ചില കാര്യങ്ങൾ പറയാനുണ്ട്. അതുകൂടി കേൾക്കണം. ഇക്കാര്യം ഇവിടെ പറഞ്ഞപ്പോൾ ഇതുമായി ബന്ധപ്പെട്ട എന്തോ കത്ത് ഹാജരാക്കുമെന്നും ആ കത്ത് കാണാമെന്നൊക്കെയാണ് ഞാൻ ധരിച്ചത്. അപ്പോൾ അങ്ങനെയൊരു കത്തൊന്നും ഇവിടെയില്ല. അതുകൊണ്ട് ശ്രീ. പി. ശ്രീരാമകൃഷ്ണനോട്

പറയാനുള്ളത് ആ കത്ത് എത്രയും വേഗം, സാധിക്കുമെങ്കിൽ ഇന്നുതന്നെ നിങ്ങൾ വാങ്ങിവയ്ക്കണം. അല്ലെങ്കിൽ ഈ കത്തുമായി ബന്ധപ്പെട്ട് അങ്ങനെയൊരു കത്തുണ്ടായിരുന്നു; പക്ഷേ അത് പോലീസ് വാങ്ങിക്കൊണ്ടുപോയെന്നായിരിക്കും പിന്നീട് പറയാൻ പോകുന്നത്. അതുവേണ്ട. അതുകൊണ്ട് അങ്ങനെയൊരു കത്തുണ്ടെങ്കിൽ അത് വാങ്ങിവയ്ക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങയുടെ ഓഫീസിൽ നിന്നും ലെറ്റർ പാഡ് മോഷണം പോയിട്ടുണ്ടെന്നൊരു വാർത്ത ഇന്നലെ മുതൽ പ്രചരിപ്പിക്കപ്പെടുന്നത് ശരിയാണോ;

ശ്രീ. ഉമ്മൻ ചാണ്ടി: അങ്ങനെ യാതൊരു പരാതിയും ഞാൻ കേട്ടിട്ടില്ല. പക്ഷേ, ഇവിടെ പറയുന്നതുപോലൊരു കത്തുണ്ടെങ്കിൽ അത് നിങ്ങൾ കൈവശപ്പെടുത്തണം. അല്ലെങ്കിൽ ഈ കത്തുമായി ബന്ധപ്പെട്ട് നാളെ എന്താണ് പറയാൻ പോകുന്നതെന്നുള്ള കാര്യവും എനിക്കറിയാം. ഇവിടെ വിവാദത്തിനടിസ്ഥാനമായ കത്ത് എന്താണെന്നുവച്ചാൽ ടീം സോളാറിനെ എമർജിംഗ് കേരളയിൽ ഉൾപ്പെടുത്താൻ ഞാൻ കത്തുകൊടുത്തുവെന്നും അവരെ ഉൾപ്പെടുത്തിയെന്നൊക്കെയുള്ളതാണ്. ഈ കമ്പനിയെ എമർജിംഗ് കേരളയിൽ ഉൾപ്പെടുത്താൻ ഞാൻ കത്ത് കൊടുത്തിട്ടില്ല. അങ്ങനെ ഏതെങ്കിലും വിധത്തിലുള്ള കത്ത് എമർജിംഗ് കേരള നടത്തിയ കെ.എസ്.ഐ.ഡി.സി. യിൽ ഉണ്ടോയെന്ന് ചോദിച്ചു. അവിടെയില്ല. ഇവർ അവിടെയൊരു അപേക്ഷ പോലും കൊടുത്തിട്ടില്ല. ഇവർ എമർജിംഗ് കേരളയിൽ വന്ന കമ്പനിയേയല്ല. പിന്നെ, എന്റെ വീട്ടിലും ഓഫീസിലും വച്ച സോളാർ പാനലിനെക്കുറിച്ച് പറയുകയാണെങ്കിൽ ഇത്രയും വലിയ പുലിവാൽ ആകുമായിരുന്നെങ്കിൽ ഈ പണിക്കൊന്നും പോവുകയില്ലായിരുന്നു. സോളാർ പാനൽ ഒരു നല്ലകാര്യമാണ്, അതൊരു പബ്ലിസിറ്റിയാണെന്നൊക്കെയുള്ള നിലയിലാണ്

സ്ഥാപിച്ചത്. സി-ഡിറ്റ് ഒരു പൊതു മേഖലാ സ്ഥാപനമാണെന്ന കാര്യം ആദ്യം മനസ്സിലാക്കണം. സി-ഡിറ്റ് ഉണ്ടാക്കിയ 'സൂര്യകേരളം" എന്നൊരു പദ്ധതിയുടെ ഉദ്ഘാടനാർത്ഥമാണ് ആദ്യമായി സോളാർ പാനൽ എന്റെ ഓഫീസിൽ ഫിക്സ് ചെയ്തത്. .

ശ്രീ. എ. കെ. ബാലൻ: സി-ഡിറ്റ് ഒരു പൊതുമേഖലാ സ്ഥാപനമാണ്. നേരത്തെ ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ മറുപടി പറഞ്ഞപ്പോൾ ട്രിവാൻഡ്രം ഗ്ലോബൽ സിറ്റിയാണ് ഇനിഷ്യേറ്റ് ചെയ്ത് മുഖ്യമന്ത്രിയുടെ ഓഫീസിൽ സൗരോർജ്ജ പ്ലാന്റ് ഇൻസ്റ്റാൾ ചെയ്തതെന്ന് സൂചിപ്പിക്കുകയുണ്ടായി. അത് അനെർട്ടിന്റെ ലിസ്റ്റിൽപെട്ടതാണെന്നും അതിന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി മറുപടി പറയണമെന്നും അദ്ദേഹം പറഞ്ഞു. അങ്ങനെയാണെങ്കിൽ അനെർട്ടിന്റെ ലിസ്റ്റിൽപെടാത്ത ഒരു കമ്പനിയെ എങ്ങനെ സി-ഡിറ്റ് പ്രോത്സാഹിപ്പിക്കുമെന്നുള്ളതാണ് ഇവിടത്തെ പ്രശ്നം.

ശ്രീ. കെ. സി. ജോസഫ്: 2012 സെപ്തംമ്പർ 26-ാം തീയതിയാണ് അനെർട്ട് എംപാനൽ ചെയ്യുന്നത്. അതിന് ആറ് മാസം മുമ്പ് 4-06-2012-ലാണ് മുഖ്യമന്ത്രിയുടെ ഓഫീസിൽ പാനൽ വയ്ക്കുന്നത്. പിന്നെ എങ്ങനെയാണ് എംപാനൽ ചെയ്യുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: ............(ബഹളം)........... 2012 ജൂൺ 4-ാം തീയതിയാണ് എന്റെ ഓഫീസിൽ സൂര്യകേരളം പദ്ധതിയുടെ ഉദ്ഘാടനം നടക്കുന്നത്. അന്ന് അനെർട്ട് ഇങ്ങനെ എംപാനൽ ചെയ്തിരുന്നില്ല. ശ്രീ. ആർ.വി.ജി. മേനോന്റെ ശുപാർശ സ്വീകരിച്ചുകൊണ്ടാണ് പൊതുമേഖലാ സ്ഥാപനമായ സി-ഡിറ്റ് സോളാർ പാനൽ സ്ഥാപിച്ചത്. അദ്ദേഹത്തിന്റെ വീട്ടിൽ സോളാർ പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നതും ഇതേ കമ്പനി തന്നെയാണ്. ഇവിടത്തെ പല

പൊതുസ്ഥാപനങ്ങളിലും വച്ചിരിക്കുന്നതും തിരുവനന്തപുരത്തുള്ള ഇതേ കമ്പനി തന്നെയാണ്. ശ്രീ. എ. കെ. ബാലൻ...... അനെർട്ട് ഇങ്ങനെയൊരു എംപാനൽമെന്റ് നടത്തിയിട്ടില്ലെങ്കിൽ ഈ നാട്ടിലെ ഒരു കമ്പനിയോട് അലർജി കാട്ടേണ്ടതിന്റെ കാര്യമെന്താണ്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സി-ഡിറ്റ് വഴി സൗരോർജ്ജപാനൽ വയ്ക്കുന്നതിന് 2,20,000 രൂപയും അനെർട്ട് വഴി സൗരോർജ്ജ പാനൽ വയ്ക്കുന്നതിന് 2,60,000 രൂപയും ചെലവാകുമെന്നാണ് ശ്രീ. കെ.സി. ജോസഫ് ഇവിടെ പറഞ്ഞത്. അങ്ങനെ സി-ഡിറ്റ് കുറഞ്ഞ ചെലവിൽ സൗരോർജ്ജ പാനൽ വയ്ക്കുമെങ്കിൽ സബ്സിഡിയുണ്ടെന്ന് പറഞ്ഞ് അനെർട്ട് ആളുകളെ പറ്റിക്കുന്നതെന്തിനാണ്?

ശ്രീ. എ. കെ. ബാലൻ: മിനിസ്ട്രി ഓഫ് ന്യൂ ആന്റ് റിന്യൂവബിൾ എനർജി വകുപ്പാണ് അനെർട്ടിനെ എൻലിസ്റ്റ് ചെയ്തിരിക്കുന്നത്. അതിനുമുമ്പ് കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പ് എൻലിസ്റ്റ് ചെയ്ത ലിസ്റ്റിൽ ഇതില്ല. അതുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മനസ്സിലാക്കണം. ..........(മൈക്ക് ഓഫ്).

ശ്രീ. ഉമ്മൻ ചാണ്ടി: മുഖ്യമന്ത്രിയുടെ ഓഫീസിൽ സോളാർ പാനൽ സ്ഥാപിച്ചത് അനെർട്ട് അല്ലെന്നും വിവാദ കമ്പനിയായ ടീം സോളാറാണ് ഇത് ചെയ്തതെന്നുള്ള പുക മറ സൃഷ്ടിക്കാൻ വേണ്ടി ശ്രീ. എ.കെ. ബാലനെപ്പോലുള്ള ഒരാൾ ശ്രമിക്കുന്നത് എന്തിനാണ്? ഇതിൽ എന്തെങ്കിലും ഒരപാകത ഉണ്ടായിട്ടുണ്ടോ; നിങ്ങൾ ഈ അക്ഷേപം ഉന്നയിക്കുമ്പോഴാണ് ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുന്നത്. ഞാൻ അതിന്റെ ഡീറ്റെയിൽസ് എല്ലാം പരിശോധിച്ചുനോക്കി. സി-ഡിറ്റോ മറ്റാരെങ്കിലുമോ യാതൊരു തെറ്റും ചെയ്തിട്ടില്ല. ഗവൺമെന്റിന്റെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ഏറ്റവും

ഫലപ്രദമായിട്ടാണ്  ഇത് സ്ഥാപിച്ചിരിക്കുന്നത്. മാത്രമല്ല, ഗവൺമെന്റ് ഓഫ് ഇന്ത്യ അംഗീകരിച്ചിട്ടുള്ള കമ്പനിയിൽ നിന്നാണ് ഈ കമ്പനിയും സോളാർ പാനൽ വാങ്ങിയിരിക്കുന്നത്, ...........

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ബിജു രാധാകൃഷ്ണന്റെ ആദ്യ ഭാര്യയായ രശ്മിയുടെ പിതാവ് ഒരു പരാതി അന്നത്തെ മുഖ്യമന്ത്രിക്ക് നൽകിയത് 2006 ഫെബ്രുവരി മാസത്തിലാണ്...........(ബഹളം).......... 2006-ലെ കാര്യമാണ് ഞാൻ പറയുന്നത്. 2006 ഫെബ്രുവരി മാസത്തിലാണ് രശ്മിയുടെ പിതാവ് അന്നത്തെ മുഖ്യമന്ത്രിക്ക് പെറ്റീഷൻ കൊടുത്തത്. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ആയിരുന്നു. 2006 മേയ് മാസത്തിലാണ് ഞാൻ മുഖ്യമന്ത്രിയാകുന്നത്. അപ്പോൾ 2006-ലെ ഈ പ്രശ്നത്തെ സംബന്ധിച്ച് അതുപോലെ തന്നെ സത്യസന്ധമായി അംഗീകരിക്കുന്നതിന് എന്താണ് വിഷമമെന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:  ഞാൻ ഇവിടെ പറഞ്ഞ കത്തിനെക്കുറിച്ചാണെങ്കിൽ അതിന്റെ സോഴ്സ് ഓഫ് ഇൻഫർമേഷനെപ്പറ്റി അന്വേഷണ സംഘത്തോട് മാത്രമേ പറയുകയുള്ളൂ.  പക്ഷേ, കത്ത് മുഖ്യമന്ത്രിക്ക് നൽകിയത് 03-01-2007ലാണ്. അന്ന് മുഖ്യമന്ത്രി ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ തന്നെയായിരുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: 2006 ഫെബ്രുവരി മാസത്തിൽ നടന്ന ഈ കൊലപാതകം അസ്വാഭാവിക മരണമെന്ന നിലയിലാണ് റിപ്പോർട്ട് അന്ന് റിപ്പോർട്ട് ചെയ്തിരുന്നത്. ഇതിനെപ്പറ്റി പോലീസ് അന്വേഷിക്കുകയും 498-എ അനുസരിച്ച് കേസ്സെടുക്കുകയും ചെയ്തു. അതിനുശേഷമാണ്

ഇതുസംബന്ധിച്ചുള്ള പരാതി ഈ കുടുംബത്തിൽ നിന്ന് ലഭിക്കുന്നത്. അതുകഴിഞ്ഞ് അഞ്ച് കൊല്ലം അങ്ങ് മുഖ്യമന്ത്രിയും ശ്രീ. കോടിയേരി ബാല കൃഷ്ണൻ ആഭ്യന്തരവകുപ്പുമന്ത്രിയുമായിരുന്നുവെന്ന കാര്യം മറക്കരുത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരമൊഴിഞ്ഞിട്ട് രണ്ട് കൊല്ലമായി. ഈ കേസ് ക്രൈംബ്രാഞ്ചിന് വിട്ടത് 2008-ലാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ കയ്യിൽ ലിസ്റ്റുണ്ടല്ലോ; അന്ന് എൽ. ഡി.എഫ്. ഗവൺമെന്റിന് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ കേസ് ക്രൈം ബ്രാഞ്ചിന് വിട്ടത്. അതേ അവസരത്തിലാണ് ഫോറൻസിക് ലാബിന്റെ റിപ്പോർട്ടിന് വിട്ടത്. ഇതുസംബന്ധിച്ച ഫോറൻസിക് ലാബ് റിപ്പോർട്ട് കിട്ടിയിട്ടും എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് നടപടിയെടുക്കാതിരുന്ന പ്രശ്നമാണോ; ഫോറൻസിക് ലാബ് റിപ്പോർട്ട് എപ്പോഴാണ് കിട്ടിയത്.

ശ്രീ. ഉമ്മൻ ചാണ്ടി: ഫോറൻസിക് ലാബ് റിപ്പോർട്ട് താമസിപ്പിക്കാൻ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ............. (ബഹളം) ................ ആ പ്രതിയെ ഇന്ന് പോലീസ് കസ്റ്റഡിയിൽ കിട്ടുകയും മൂന്നര മണിക്കൂർ കൊണ്ട് സത്യം പറയിപ്പിക്കുകയും ചെയ്തു. ഈ അടിയന്തര പ്രമേയവിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. ....... (ബഹളം)............ .എനിക്ക് പറയാനുള്ളത് പറയാതെ തടസ്സപ്പെടുത്തിയിട്ട് പിന്നെ എങ്ങനെയാണ് സഭാ നടപടികൾ മുന്നോട്ടു പോകുന്നത്. ............(ബഹളം)................

<u>മി. സ്പീക്കർ</u>: ......അങ്ങ് ഇരുന്നതല്ലേ; അങ്ങ് ഇരുന്നതുകൊണ്ടാണ്., ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം. എനിക്ക് അടിയന്തരപ്രമേയം ഡിസ്പോസ് ചെയ്യണ്ടേ; ..................(ബഹളം)...............

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: ..............(ബഹളം).............. എനിക്ക് മറുപടി പറയണ്ടേ; സഭാ നടപടികൾ ഇവർ തടസ്സപ്പെടുത്തിയ സാഹചര്യത്തിലാണ് ഞാൻ ഇരുന്നത്. ............(ബഹളം)............

<u>മി. സ്പീക്കർ</u>: ............(ബഹളം)............പ്രതിപക്ഷാംഗങ്ങൾ ദയവുചെയ്ത് സീറ്റിലേയ്ക്ക് പോകണം. ..................(ബഹളം)......................

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: .............(ബഹളം)........... ഇത് കാണിക്കാം. ......(ബഹളം)......... ഇത് കാണിക്കാം................

<u>മി. സ്പീക്കർ</u>: പ്ലീസ്, പ്ലീസ്.............(ബഹളം)...........

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് നടുത്തളത്തിലേയ്ക്ക് വന്നു.)

<u>മി. സ്പീക്കർ</u>: ............(ബഹളം)............ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു............... (ബഹളം).......................

(അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചു.)

<u>മി. സ്പീക്കർ</u>: ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്യുന്നു.

(ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്യുന്നതായി ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു)